بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 24

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജൂൺ 14/ഹി:ശം:1397 ഇഹ്സാൻ 14/ഹി:ഖ:1439 റമളാൻ 29

## അല്ലാഹുവിന്റെ വചനം

اَلۡحَجُّ اَشۡہُرٌ مَّعۡلُوۡمٰتٌ ۚ فَمَنۡ فَرَضَ فِیۡہِنَّ الۡحَجَّ فَلَا رَفَثَ وَلَا فُسُوۡقَ ۙ وَلَا جِدَالَ فِی الۡحَجِّ

(سورة البقرة :198)

ഹജ്ജുകാലം സുപരിചിതങ്ങളായ മാസങ്ങളാകുന്നു. അതിനാൽ ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് നിർവഹിക്കുമെന്ന് ഉറച്ചു കഴിഞ്ഞാൽ പ്രേമസല്ലാപമോ അതിക്രമമോ ദുർവിവാദമോ ഹജ്ജിൽ പാടുള്ളതല്ല.(2:198)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോട് താണുകേണ് വിലപിക്കുക; അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം ഭൂമിയിൽ ഒരാപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളം ഒരാപത്തും അകലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ അടിവേരിനെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ, അവയിൽ സർവ്വവും ഭരമേല്പിക്കുന്നതിലാണ് വിലക്കുള്ളത്. അവസാനം ദൈവം നിശ്ചയിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ, അല്ലാഹുവിൽ സർവ്വതും ഭാരമേല്പ്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളേക്കാളും ഉയർന്നു നില്ക്കുന്നത്.

നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളേക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദു മുസ്തഫാ (സ) തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപ ശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്; ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ(സ) ശരീഅത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുനാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമികസൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ്. *ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത അലയ്ഹിം* എന്ന ഖുർആനിക വചനം സൂചന നല്കുന്നത്.

പൂർവ്വികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയ ഭൂസ്വത്ത് മൂസാ(അ)യ്ക്ക് ലഭിച്ചു. മൂസാ(അ)ന്റെ സമുദായം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ സ്വത്ത് ഹദ്റത്ത് മുഹമ്മദ്(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീ സമുദായം മൂസവിസമുദായത്തിന്റെ പ്രതിനിധിയാണ്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിന് പടി മീതെയാണ്. മൂസയുടെ സദൃശൻ മൂസായെക്കാൾ ഉന്നതനും ഇബ്നു മർയമിന്റെ സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതനുമാണ്. മർയമിന്റെ മകൻ മസീഹ് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെയാണ് നബി(സ) തിരുമേനിക്കുശേഷം 14-ാം നൂറ്റാണ്ടിലാണ് ആ വാഗ്ദത്ത മസീഹും വെളിപ്പെട്ടത്. ഈ കാലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രത്യുത, മർയമിന്റെ മകൻ മസീഹ് വെളിപ്പെട്ട നേരത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലാ

(ശേഷം പേജ് 12ൽ)

## 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിൻർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്; പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ് ഖാദിയാൻ

# അഖബാ ഉടമ്പടി

## ഒന്നാം അഖബാ ഉടമ്പടി

ദുരന്തങ്ങൾ ഒന്നിനുപിറകെ ഒന്നായി വന്നുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് മദീനയിൽനിന്ന് കച്ചവടത്തിനുവന്ന ഏതാനുംപേർ ഇസ്ലാംമതം സ്വീകരിച്ചത്. അതിന്നിടെ നസ്റേത്തിൽനിന്നുവന്ന ഇരുപതോളം ക്രിസ്ത്യാനികൾ നബി(സ)തിരുമേനിയെ സന്ദർശിക്കുകയും ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തിരുന്നു. ക്രി.പി.621-ലെ വസന്തകാലത്ത് മദീനക്കാരായ അവർ ആറുപേർ മദീനയിൽ മടങ്ങിയെത്തി ഇസ്ലാമിക പ്രചാരണം ആരംഭിച്ചു. വീടുകളിൽ നബി(സ)തിരുമേനിയെ കുറിച്ചുള്ള ചർച്ചയായി. അടുത്തവർഷം ഹജ്ജ് കാലത്ത് 12 മദീനാവാസികൾ നബി(സ)തിരുമേനിയെ സന്ദർശിച്ച് ബയ്അത്തു ചെയ്തു. ഇതിനാണ് ഒന്നാം അഖബാ ഉടമ്പടി എന്നു പറയുന്നത്. മക്കക്കുവടക്ക് അഖബാ എന്നൊരു കുന്നുണ്ട്. അവിടെവച്ചാണ് അതിനുമുമ്പേയുള്ള വർഷം യഥ്രിബ് (മദീന)നഗരത്തിൽനിന്നുവന്ന യാത്രക്കാരിൽ ആറുപേർ ഇസ്ലാം സ്വീകരിച്ചത്. അതേ സ്ഥലത്താണ് ഇപ്പോൾ ആ നഗരത്തിലുള്ള ഔസ്, ഖസ്റജ് ഗോത്രക്കാരുടെ 12 പ്രതിനിധികൾ നബി(സ)തിരുമേനിയുടെ കൈപിടിച്ച് ഉടമ്പടി ചെയ്തത്.

1. ഞങ്ങൾ ദൈവത്തോടു ഒന്നിനേയും പങ്കു ചേർക്കുകയില്ല.
2. കളവു ചെയ്യുകയില്ല; വ്യഭിചരിക്കുകയില്ല.
3. ഞങ്ങളുടെ കുഞ്ഞുങ്ങളെ വധിക്കുകയില്ല.
4. ഞങ്ങളുടെ കൈകൾക്കും കാലുകൾക്കും ഇടയിൽ അവരവർ ഉണ്ടാക്കിയ അപമാനത്തെ കൊണ്ടുവരികയില്ല.(അറിഞ്ഞുകൊണ്ട് കുറ്റം ചെയ്യുകയില്ല).
5. സന്മാർഗകാര്യങ്ങളിൽ നബി(സ) തിരുമേനിയെ അനുസരിക്കാതിരിക്കുകയില്ല.
6. സുഖത്തിലും ദുഃഖത്തിലും ഞങ്ങൾ നബി(സ) തിരുമേനിയുടെ വിശ്വാസികളായിരിക്കും.

ഇതാണ് ഒന്നാം അഖബാ ഉടമ്പടി.

## രണ്ടാം അഖബാ ഉടമ്പടി

പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം മദീനക്കാരായ അനേകംപേർ ഹജ്ജിനുവന്നു. അവരിൽ മുസ്ലീംകളും അമുസ്ലീംകളുമുണ്ടായിരുന്നു. മിസ്അബ്ബിൻ ഉമയ്ർ മദീനയിൽനിന്ന അവരോടൊപ്പം എത്തിചേർന്നിരുന്നു. ഹജ്ജിനുശേഷം മുസ്ലീംകൾ തങ്ങളോടൊപ്പം വന്ന അമുസ്ലീംകളിൽനിന്ന് വിട്ടു പിരിഞ്ഞു. മുമ്പേ ഉടമ്പടി ഉണ്ടാക്കിയ അഖബ എന്ന സ്ഥലത്ത് രാത്രി സമയത്ത് അവർ എത്തിചേർന്നു. അൽപ സമയത്തിനുള്ളിൽ (അതുവരെ മുസ്ലിമല്ലാത്ത) തന്റെ പിതൃസഹോദരനായ അബ്ബാസിന്റെ കൂടെ നബി(സ)തിരുമേനിയും വന്നു ചേർന്നു. മദീനമുസ്ലീംകളുടെ എണ്ണം (ഉമ്മുഅമ്മാറ, ഉമ്മുമനീഉ എന്നീ രണ്ടു സ്ത്രീകളടക്കം) എഴുപത്തഞ്ച്. അബ്ബാസ് അവരുടെ നേരെ തിരിഞ്ഞു. 'ഖസ്റജ് ഗോത്രക്കാരേ! മുഹമ്മദു ഞങ്ങളുടെ ഗോത്രത്തിലെ ആദരണീയനാണ്. ഇവിടെ ഇദ്ദേഹം സമാധാനത്തോടെ കഴിയുന്നു. ഞങ്ങൾ ശത്രുക്കളിൽനിന്ന് ഇദ്ദേഹത്തെ സംരക്ഷിച്ചുവരുന്നു. എങ്കിലും ഇപ്പോൾ ഞങ്ങളെ വിട്ടുപിരിഞ്ഞു നിങ്ങളുടെ കൂടെ അദ്ദേഹം വരാനാഗ്രഹിക്കുന്നു. നല്ലവണ്ണം സംരക്ഷിക്കാൻ നിങ്ങൾക്കു സാധിക്കുമെങ്കിൽ ഇവരേയും കൂടെ കൊണ്ടുപോകൂ! അല്ലാത്തപക്ഷം ഇവിടെത്തന്നെ അവർ നിന്നോട്ടെ. ഇവിടെ അവർ നല്ല സംരക്ഷണത്തിലാണ്' എന്നു പറഞ്ഞു.

ഇതുകേട്ട് ഖസ്റജ് ഗോത്രത്തിൽപെട്ട ഒരാൾ 'നബിയേ! അല്ലാഹുവിന്റേയും താങ്കളുടേയും ഉദ്ദേശ്യങ്ങൾ ഞങ്ങൾക്കു വിവരിച്ചുതരൂ! ഞങ്ങൾ അപ്രകാരം പ്രവർത്തിക്കാൻ പ്രതിജ്ഞ ചെയ്യാം'എന്നറിയിച്ചു.

ഖുർആനിലെ ചില വചനങ്ങൾ തിരുനബി ഓതിക്കേൾപ്പിച്ചു. 'മദീനയിൽ ആരെങ്കിലും എന്നെ എതിർത്താൽ നിങ്ങളെനിക്ക് സഹായം ചെയ്യണം എന്ന പ്രതിജ്ഞയാണ് ഞാൻ നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത്.' തിരുമേനി അറിയിച്ചു. ഖസ്റജ് ഗോത്രത്തിന്റെ തലവൻ ബറാഅ് ബിൻ മഅ്റൂർ തന്റെ കൈ തിരുമേനിയുടെ കൈയിന്മേൽവെച്ച് 'ഇതാ ഞങ്ങളപ്രകാരം പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങൾ സമരവീരന്മാരാണ്. ഞങ്ങളുടെ പിതാക്കളും പൂർവപിതാക്കളുമെല്ലാം സമരയോദ്ധാക്കളായിരുന്നു. ഞങ്ങൾ യുദ്ധത്തിൽ വളരെ അനുഭവം നേടിയവരാണ്' എന്നു പറഞ്ഞു.

അബുൽഹതീം എന്ന മറ്റൊരു നേതാവ് നബി തിരുമേനിയെ നോക്കി, 'നബിയേ! ഞങ്ങളുമായി മറ്റിതര ജനങ്ങൾ ഉടമ്പടി ചെയ്തിട്ടുണ്ട്. ഇപ്പോൾ ഞങ്ങൾ നിങ്ങളുമായി ഉണ്ടാക്കിയ ഈ സന്ധിക്കുശേഷം അവർ ആ ഉടമ്പടി റദ്ദാക്കിയേക്കും. ഈ നിലയിൽ നിങ്ങൾക്കു വിജയം കൈവന്ന ശേഷം ഞങ്ങളെ ഉപേക്ഷിച്ച്, നിങ്ങളുടെ ഗോത്രക്കാരുമായി നിങ്ങൾ വീണ്ടും ഞങ്ങളുടെ നേരെ എതിർക്കാൻ വരികയില്ലേ? എന്നു സംശയം ഉന്നയിച്ചു. ഇതുകേട്ട് പുഞ്ചിരിതൂകുക്കൊണ്ടു നബി, 'ഇല്ല, നിങ്ങൾ എന്റേതാണ്; ഞാൻ നിങ്ങളുടേതും. എന്റെ സഹോദരന്മാരും നിങ്ങളുടെ സഹോദരന്മാരും ഒരേ ഗോത്രത്തിൽപ്പെട്ടവരാണ്.' ഇതിനുശേഷം മുസ്ലീംകൾ പ്രതിജ്ഞാവാക്യം ഉരുവിട്ടു പ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞയ്ക്കാണ് രണ്ടാം അഖബാ ഉടമ്പടി എന്നു പറയുന്നത്.

'ഞങ്ങൾ ഞങ്ങളുടെ സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതുപോലെ നബിതിരുമേനിയേയും അനുയായികളേയും സംരക്ഷിക്കും' എന്ന വാചകം കൂടി ഒന്നാം അഖബാ ഉടമ്പടിയുടെകൂടെ ചേർക്കപ്പെട്ടു. അതായിരുന്നു രണ്ടാം അഖബാ ഉടമ്പടി വാക്യങ്ങൾ.

*(മുഹമ്മദുനബി(സ), പ്രൊഫസർ സയ്യിദ് ഇബ്റാഹീം, കാപിറ്റൽ ഇന്റർനാഷണൽ പബ്ലിഷേഴ്സ്, കോഴിക്കോടു പേജ് 194-197)*

# ചന്ദ്രൻ പിളർന്ന സംഭവം

*'അന്ത്യനാഴിക അടുത്തു കഴിഞ്ഞു.(അതിന്റെ ലക്ഷണമായി) ചന്ദ്രൻ പിളർന്നുകഴിഞ്ഞു. അവർ ഒരു ദൃഷ്ടാന്തം കണ്ടാൽ തിരിഞ്ഞുമാറുകയും, 'ശക്തമായ മാന്ത്രികം' എന്നു പറയുകയും ചെയ്യുന്നു."(54:1-2)*

ചന്ദ്രൻ പിളർന്നതിനെ ഇപ്രകാരം ഖുർആൻ സൂചിപ്പിക്കുന്നു. ഇതിൽ ഖിയാമത്ത് അടുത്തുകഴിഞ്ഞെന്നും ലോകത്തിന്റെ ആയുസ്സിൽ ചെറിയഭാഗം ബാക്കിയുണ്ടെന്നും ആണ് ആദ്യവചനത്തിന്റെ സാരം. രണ്ടാം വചനത്തിൽ കാഫിറുകളും ഖുറയ്ശികളുംചന്ദ്രൻ പിളർന്നത് കണ്ണുകൊണ്ട് കണ്ടു;എന്നാൽ, അതിനുമുമ്പേ എത്രയോ അത്ഭുതങ്ങൾ കണ്ടിട്ടും അതൊക്കെ അവർ തള്ളിപ്പറഞ്ഞതുപോലെ ഇതിനേയും അവർ നിഷേധിച്ചുവെന്നാണ് സൂചിപ്പിക്കുന്നത്.

ഖുറയ്ശി കാഫിറുകൾ രാത്രിസമയത്ത് തിരുമേനിയോട്, 'നിങ്ങളുടെ പ്രവാചകത്വത്തിന് തെളിവായി ഒരത്ഭുതം ചെയ്തു കാണിക്കൂ!' എന്നാവശ്യപ്പെട്ടു. അതു സ്വീകരിച്ചുകൊണ്ട് തിരുമേനി പ്രസ്തുത അത്ഭുതം ചെയ്തു കാണിച്ചു. ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, ഹദ്റത്ത് ഹുദയ്ഫാ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ എന്നീ നാലു സ്വഹാബക്കളും ഈ അത്ഭുതസംഭവത്തിന് ദൃക്സാക്ഷികളാണ്. ചന്ദ്രൻ രണ്ടു കഷണങ്ങളായി പിളർന്നു, ഒരു കഷണം ഒരു മലമുകളിലും മറ്റൊരു കഷണം മറ്റൊരു മലമുകളിലും സ്ഥിതിചെയ്യുന്നതായി അവരെല്ലാവരും കണ്ടു. മറ്റൊരു പ്രവാചകനും ഇത്തരമൊരത്ഭുതം ചെയ്തു കാണിച്ചിട്ടില്ല.

ഈ അത്ഭുതം ഇന്ത്യയിൽ, മലയാളത്തിലെ ചേരമാൻ എന്ന രാജാവ് കണ്ട് വിശ്വാസം കൊണ്ടതായും, സിലോണിൽ പോയി മടങ്ങിയെത്തിയ മുസ്ലീംകളോടൊത്ത് അദ്ദേഹം അറേബ്യയിൽ ചെന്ന്, അവിടെ മരണപ്പെട്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ പ്രകാരം മാളവനാട്ടിലെ ത്ഹാർ രാജാവായ ഭോജരാജ വിശ്വാസം കൊണ്ടതായും പറയപ്പെടുന്നു.*(മുഹമ്മദുനബി(സ), പ്രൊഫസർ സയ്യിദ് ഇബ്റാഹീം, കാപിറ്റൽ ഇന്റർ നാഷണൽ പബ്ലിഷേഴ്സ്, കോഴിക്കോടു പേജ് 465-466)*




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ
കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

## നബി(സ)തിരുമേനിയുടെ സ്വഹാബാക്കളായ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ്, ഹദ്റത്ത് കഅ്ബുബ്നു സയ്ദ്, ഹദ്റത്ത് സ്വാലിഹ് ശുഖ്റാൻ, ഹദ്റത്ത് മാലിക് ബിൻ ദുഖ്ശം റിള്വാനുല്ലാഹി അലയ്ഹിം അജ്മഈൻ എന്നിവരുടെ ജീവചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ചയും ജമാഅത്തംഗങ്ങൾക്കുളള ഉപദേശങ്ങളും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 മെയ് 11/1397 ഹിജ്റത്ത് 11**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ഞാൻ പറയാൻ പോകുന്ന സ്വഹാബാക്കളിൽ ആദ്യത്തേത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ്(റ) ആണ്. നബിയുടെ അമ്മാവിയായ അബ്ദുൽ മുത്ത്വലിബിന്റെ മകൾ ഉമയ്മയാണ് അദ്ദേഹത്തിന്റെ മാതാവ്. ഈ രീതിയിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ അമ്മാവിയിൽ ജനിച്ച സഹോദരനാണ്. നബി(സ)തിരുമേനി അർഖമിന്റെ വസതിയിൽ പോകുന്നതിനു മുമ്പേതന്നെ അസദ് ഗോത്രക്കാരനായ ഇബ്നു ജഹ്ശ് മുസ്ലിമായി.(അസദുൽഗാബ വാല്യം 3 പേജ് 89, അബ്ദുല്ലാഹിബ്നു ജഹ്ശ് അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

നവമുസ്ലിമായ അർഖം ബിൻ അർഖമിന്റെ വീടായിരുന്നു അത്. ഇവിടെ മുസ്ലിംകൾ സംഘടിക്കാറുണ്ടായിരുന്നു. മക്കയിൽനിന്ന് അല്പം അകലെയായിരുന്ന ഈ ഭവനം ദീൻ പഠിക്കുന്നതിനും ആരാധന തുടങ്ങിയവ നിർവഹിക്കുന്നതിനുമുള്ള ഒരു കേന്ദ്രമായിരുന്നു. ഈ പ്രസിദ്ധി കാരണത്താൽ അതിന്റെ നാമം ദാറുസ്സലാം എന്ന് പ്രശസ്തമായി. മൂന്നുവർഷംവരെ ഇത് മക്കയിലെ കേന്ദ്രമായിരുന്നു. രഹസ്യമായി ആരാധനകൾ ഇവിടെ നിർവഹിച്ചിരുന്നു. നബി(സ) തിരുമേനിയുടെ മജ്ലിസുകൾ ചേർന്നിരുന്നു. ഹദ്റത്ത് ഉമർ(റ)ഇസ്ലാം സ്വീകരിച്ചതോടെയാണ് തുറന്ന നിലയിൽ അവർ പുറത്തിറങ്ങാൻ തുടങ്ങിയത്. നിവേദനത്തിൽ വന്നിട്ടുള്ളത് അവിടെ ഇസ്ലാം അവസാനമായി സ്വീകരിച്ചത് ഹദ്റത്ത് ഉമർ(റ) ആയിരുന്നുവെന്നാണ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ പേജ് 129)

എന്തായാലും ഇത് കേന്ദ്രമാകുന്നതിനു മുമ്പേതന്നെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് ഇസ്ലാം സ്വീകരിച്ചിരുന്നു. മക്ക മുശ്രിക്കീംഗങ്ങളുടെ പീഡനങ്ങളിൽനിന്ന് ഇദ്ദേഹത്തിന്റെ കുടുംബവും സുരക്ഷിതമായിരുന്നില്ലെന്ന് നിവേദനത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം തന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് അബൂ അഹ്മദിനോടും ഉബയ്ദുല്ലായോടും തന്റെ സഹോദരിമാരായ ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശ്, ഹദ്റത്ത് ഉമ്മുഹബീബ, ഹിംന ബിൻത് ജഹ്ശിനോടൊമൊപ്പം രണ്ടു തവണ ഹബ്ശയിലേക്ക് ഹിജ്റ പോയിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ ഉബയ്ദുല്ലാഹ് ഹബ്ശ(അബിസീനിയ) യിലെത്തി ക്രിസ്ത്യാനിയായി. ആ അവസ്ഥയിൽ അദ്ദേഹം അവിടെ മരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഉമ്മു ഹബീബ ബിൻത് അബൂ സുഫ്യാൻ അപ്പോൾ അബിസീനിയായിൽത്തന്നെ ഉണ്ടായിരുന്നു. നബി(സ) തിരുമേനി അവരെ നിക്കാഹ് ചെയ്തിരുന്നു. (അസദുൽഗാബ വാല്യം 3 പേജ് 89, അബ്ദുല്ലാഹിബ്നു ജഹ്ശ് അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് മദീന ഹിജ്റത്തിനുമുമ്പേ മക്കയിൽ വന്നു. ഇവിടെനിന്ന് തന്റെ ബനൂഗനം ഗോത്രത്തിലുള്ള ദൂദാനിലെ എല്ലാ അംഗങ്ങളേയും കൂട്ടി (അവരെല്ലാം ഇസ്ലാമിൽ പ്രവേശിച്ചിരുന്നു)മദീനയിലെത്തി. അദ്ദേഹം തന്റെ ബന്ധുക്കളായ എല്ലാവരേയും മക്കയിൽനിന്ന് ഒഴിപ്പിച്ചു. അതോടെ അവരുടെ വാസസ്ഥലങ്ങൾ വിജനമായി. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്,വാല്യം 3 പേജ് 49, അബ്ദുല്ലാഹിബ്നു ജഹ്ശ്, അച്ചടിക്കപ്പെട്ടത് ദാറു അഹ്യാഉത്തുറാബുൽഅറബി ബേറൂത്ത് 1996)

പാക്കിസ്താനിലെ ചില സ്ഥലങ്ങളിലുള്ള അഹ്മദികളുടെ ഇപ്പോഴത്തെ അവസ്ഥയും ഇതുതന്നെയാണ്. ചില ഗ്രാമങ്ങൾ വിജനമായിരിക്കുന്നു.

ഇബ്നു ഇസ്ഹാഖ് പറയുന്നു: "ബനൂ ജഹ്ശ് ബിൻ റിആബ് മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്തപ്പോൾ അബൂ സുഫ്യാൻ ബിൻ ഹർബ് അദ്ദേഹത്തിന്റെ വീട് അംറുബ്നു അൽഖമായ്ക്കു വിറ്റു. ഈ വിവരം മദീനയിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് അറിഞ്ഞപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: "അബ്ദുല്ലാഹ്! ഇതിനു പകരം സ്വർഗത്തിൽ അല്ലാഹു ഒരു കൊട്ടാരം തന്നാൽ താങ്കൾക്ക് തൃപ്തിയാവില്ലേ?" ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് പറഞ്ഞു: 'തീർച്ചയായും യാ റസൂലുല്ലാഹ്." നബി(സ) തിരുമേനി പറഞ്ഞു: "എന്നാൽ, ആ കൊട്ടാരം താങ്കൾക്കുള്ളതാണ്."(സീറത്ത് ഇബ്നുഹിശാം, പേജ് 352, ബാബ് ഹിജ്റത്തുർറസൂൽ(സ), അച്ചടിക്കപ്പെട്ടത് ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2001)

അതായത് താങ്കൾ ഉപേക്ഷിച്ച ഈ വീടുകളുടെ സ്ഥാനത്ത് താങ്കൾക്ക് സ്വർഗത്തിൽ സ്ഥലം കിട്ടുന്നതാണ്; അവിടെ കൊട്ടാരം തയ്യാറാക്കപ്പെടുന്നതാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ നബി(സ) തിരുമേനി നഖ്ലയിലേക്ക് അയച്ചു. അതുസംബന്ധമായി ഗ്രന്ഥങ്ങളിൽ പറയുന്നു: ഒരു ദിവസം ഇശാ നമസ്കാരം കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി, അബ്ദുല്ലാഹിബ്നു ജഹ്ശിനോടു, രാവിലെ ആയുധങ്ങളുമെടുത്തു വരണമെന്നും താങ്കളെ ഒരു സ്ഥലത്ത് അയക്കുന്നതാണെന്നും പറഞ്ഞു. നബി(സ)തിരുമേനി നമസ്കാരം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് തന്റെ അമ്പും വില്ലും പരിചയുമായി വീട്ടുപടിക്കൽ പ്രതീക്ഷിച്ചു നില്ക്കുന്നതാണ് കണ്ടത്. നബി(സ)തിരുമേനി, ഉബയ്യുബ്നു കഅ്ബിനെ വിളിപ്പിച്ചു. അദ്ദേഹത്തോട് ഒരു കത്തെഴുതാൻ നിർദ്ദേശിച്ചു. കത്ത് എഴുതിക്കഴിഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ വിളിച്ച് ആ കത്ത് അദ്ദേഹത്തെ ഏല്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ താങ്കളെ ഈ സംഘത്തിന്റെ നേതാവായി നിയമിക്കുകയാണ്.' അവിടന്ന് ഒരു സംഘത്തെ തയ്യാറാക്കിയിരുന്നു. അതിനെക്കുറിച്ചാണ് പറയുന്നത്. ചരിത്രത്തിൽ വന്നിരിക്കുന്നു. അതിനു മുമ്പേ ആ സംഘത്തിന്റെ തലവനായി ഹദ്റത്ത് ഉബയ്ദ് ബിൻ ഹാരിഥിനെ നിയമിച്ചിരുന്നു. പക്ഷേ, യാത്ര പോകുന്നതിനുമുമ്പേ, യാത്ര ചോദിക്കുന്നതിനുവേണ്ടി അദ്ദേഹം തന്റെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ മക്കൾ നബി(സ) തിരുമേനിയുടെ അടുത്തുവന്ന് കരയാൻ തുടങ്ങി. അങ്ങനെയാണ് നബി(സ) തിരുമേനി, ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ അദ്ദേഹത്തിന്റെ സ്ഥാനത്ത് അയക്കുന്നത്. അമീറായി നി യമിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ അയക്കുന്ന നേരത്ത് അദ്ദേഹത്തിന്റെ സ്ഥാനപ്പേര് 'അമീറുൽ മുഅ്മിനീൻ' എന്നുവച്ചു. സീറത്തുൽ ഹൽബിയായിൽ ഇതെഴുതിയിട്ടുണ്ട്, ഇസ്ലാമിൽ 'അമീറുൽ മുഅ്മിനീൻ' എന്ന് സ്ഥാനപ്പേരുവെക്കപ്പെട്ട ഭാഗ്യവാനായ ആദ്യത്തെ സ്വഹാബിയായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ്(റ). (അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 217, സരിയ്യത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് ഇലാ ബത്വനി നഖ്ല അച്ചടിക്കപ്പെട്ടത് ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) *യസ്അലൂനക്ക അനിശ്ശഹ്രിൽ ഹറാമി ഖിത്താലുൻ ഫീഹി* (2:218)യുടെ വ്യാഖ്യാനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നതിനുശേഷവും മക്കക്കാരുടെ കോപാഗ്നിയിൽ ഒരു കുറവും വന്നില്ല. എന്നല്ല അവർ മദീനക്കാരെ ഭീഷണിപ്പെടുത്താൻ തുടങ്ങി; തങ്ങളുടെ ആളുകൾക്ക് നിങ്ങളുടെ രാജ്യത്ത് അഭയം നല്കിയിരിക്കുകയാണെന്നും അതുകൊണ്ട് നിങ്ങൾ അവരെല്ലാവരേയും കൊല്ലുകയോ പുറത്താക്കുകയോ അല്ലാതെ നിങ്ങൾക്ക് മറ്റൊരു വഴിയുമില്ലെന്നും തങ്ങൾ മദീനയുടെമേൽ ആക്രമണം നടത്തുമെന്നും നിങ്ങളെല്ലാവരേയും കൊന്നൊടുക്കി നിങ്ങളുടെ സ്ത്രീകളെ കീഴടക്കുമെന്നും അവർ സത്യം ചെയ്തു. പറയുന്നു: വെറും ഭീഷണിയിൽ മാത്രം അവർ നിറുത്തിയില്ല. പ്രത്യുത മദീനയുടെമേൽ ആക്രമണത്തിനുള്ള തയ്യാറെടുപ്പുകൾ നടത്താൻ തുടങ്ങി. നബി(സ) തിരുമേനി ആ ദിനങ്ങളിൽ ഉറക്കമിളച്ച് രാത്രി കഴിച്ചുകൂട്ടി. ഇപ്രകാരംതന്നെ രാത്രി ഇരുട്ടത്ത് ശത്രു പെട്ടെന്ന് ആക്രമണം നടത്തുമോ എന്ന് കരുതി സ്വഹാബാക്കൾ ആയുധങ്ങൾ ധരിച്ചാണ് ഉറങ്ങിയിരുന്നത്. ഈ

അവസ്ഥകളിൽ നബി(സ)തിരുമേനി ഒരുഭാഗത്ത് മദീനയുടെ സമീപപ്രദേശങ്ങളിൽ വസിക്കുന്ന ഗോത്രങ്ങളുമായി, 'ആക്രമണം ഉണ്ടായാൽ അവർ മുസ്‌ലിംകളോടൊപ്പം നില്ക്കുമെന്നുള്ള നിലയിൽ' ഉടമ്പടികൾ ചെയ്യാൻ തുടങ്ങി. മറുഭാഗത്ത് ഖുറയ്ശികൾ ആക്രമിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്ന വിവരം കിട്ടിയ കാരണത്താൽ അവിടന്ന് ഹിജ്റ രണ്ടാംവർഷം ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനെ 12 ആളുകളോടൊപ്പം നഖ്‌ലയിലേക്ക് അയച്ചു. അദ്ദേഹത്തിന് ഒരു കത്ത് കൊടുത്തുകൊണ്ട് രണ്ടുദിവസത്തെ യാത്രയ്ക്കുശേഷമേ തുറക്കാവൂ എന്ന് പറയുകയും ചെയ്തു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് രണ്ടു ദിവസത്തിനുശേഷം കത്ത് തുറന്നപ്പോൾ അതിൽ എഴുതിയിരുന്നത് 'നിങ്ങൾ നഖ്‌ലയിൽ താമസിക്കുകയെന്നും അവിടെ പതിയിരുന്ന് ഖുറയ്ശികളുടെ നീക്കങ്ങൾ മനസ്സിലാക്കി തനിക്ക് വിവരം തരണം' എന്നുമായിരുന്നു. നഖ്‌ലയിൽ താവളമടിച്ച് അവർ ശത്രുക്കളുടെ വിവരങ്ങൾ ശേഖരിക്കാൻ രഹസ്യമായി റോന്തുചുറ്റുന്നതിനിടയിൽ ഖുറയ്ശികളുടെ ഒരു ചെറിയ സംഘം ശാമിൽനിന്ന് കച്ചവടച്ചരക്കുകളുമായി മടങ്ങിവരികയായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് വ്യക്തിപരമായ തീരുമാനമെടുത്ത് അവരെ ആക്രമിച്ചു. ഇതിന്റെ ഫലമായി അവിശ്വാസിയായ അംറുബ്നു ഹദ്റമീ വധിക്കപ്പെട്ടു. രണ്ടുപേരെ ബന്ധനസ്ഥരാക്കി. ഗനീമത്ത് മുതലും കൈവശപ്പെടുത്തി. അദ്ദേഹം തിരിച്ചുവന്ന് നബി(സ)തിരുമേനിയുടെ സന്നിധിയിൽ വിവരം ധരിപ്പിച്ചപ്പോൾ അവിടന്ന് കടുത്ത അസംതൃപ്തിയാണ് പ്രകടിപ്പിച്ചത്. അവിടന്ന് പറഞ്ഞു: 'യുദ്ധം ചെയ്യാൻ ഞാൻ നിങ്ങൾക്ക് കല്പന തന്നിരുന്നില്ല.' യുദ്ധമുതൽ സ്വീകരിക്കുന്നതും നബി(സ)തിരുമേനി നിഷേധിച്ചു.

ഇബ്നു ജരീർ, ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്നുള്ള നിവേദനത്തിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിൽനിന്നും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരിൽ നിന്നും തെറ്റു സംഭവിച്ചു. റജബ് മാസം ആരംഭിച്ചിട്ടില്ലെന്ന് അവർ ധരിച്ചു. വാസ്തവത്തിൽ റജബ് മാസം തുടങ്ങിക്കഴിഞ്ഞിരുന്നു. റജബ് മാസം തുടങ്ങിയിട്ടില്ലെന്നും ജമാദുൽആഖിർ മുപ്പതാണെന്നുമായിരുന്നു അവർ ധരിച്ചിരുന്നത്. എന്തായാലും അംറിബ്നു ഹദ്റമി മുസ്‌ലിംകളുടെ കൈയാൽ വധിക്കപ്പെട്ടപ്പോൾ മുശ്‌രിക്കീംകൾ 'ഇപ്പോൾ മുസ്‌ലിംകൾ നിരോധമാസത്തെ അതിലംഘിച്ചിരിക്കുന്നു' എന്ന് പറഞ്ഞ് ബഹളംവെക്കാൻ തുടങ്ങി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അല്ലാഹു ഈ ആയത്തിൽ അതേ ആക്ഷേപം പ്രതിപാദിച്ചുകൊണ്ടു പറയുന്നു: 'ഈ മാസങ്ങളിൽ യുദ്ധം ചെയ്യുക എന്നത് പാതകം തന്നെ എന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ പക്കൽ അത് നിരക്കാത്തതാണ്. എന്നാൽ, ദൈവമാർഗത്തിൽനിന്ന് ജനങ്ങളെ തടയലും അവനെ നിഷേധിക്കലും മസ്ജിദുൽ ഹറാമിൽനിന്നു തടയലും അതിന്റെ അവകാശികളെ അതിൽനിന്ന് പുറത്താക്കലും അല്ലാഹുവിന്റെ അടുക്കൽ അതിനേക്കാൾ ഗുരുതരമായ പാതകങ്ങളാകുന്നു. നിങ്ങൾ സ്വയം ഈ വൃത്തികെട്ട ചെയ്തികൾക്ക് ഇരയായിരിക്കെ നിങ്ങൾ ഏതു മുഖം കൊണ്ടാണ് മുസ്‌ലിംകളെ ആക്ഷേപിക്കുന്നത്. അവരിൽനിന്ന് അറിയാതെ ഒരു തെറ്റ് സംഭവിച്ചുപോയതാണ്. എന്നാൽ, നിങ്ങൾ മനഃപൂർവമാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്."(തഫ്സീറെ കബീർ വാല്യം 2 പേജ് 474-475 ഉപര്യുക്ത ആയത്തിന്റെ വ്യാഖ്യാനം)

ബുഖാരിയുടെ ഒരു ഹദീഥിന് വ്യാഖ്യാനം നല്കിക്കൊണ്ട് ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ സംഘം നടത്തിയ ആക്രമണത്തിന്റെ പോസിറ്റീവായിട്ടുള്ള നേട്ടങ്ങളെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: 'സംഭവം പറയുന്നത് ഈ സംഘത്തെ ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ അയച്ചിരുന്നത് അതിൽ അവർ പൂർണമായും വിജയിച്ചുവെന്നാണ്. അവർ ആ തടവുകാരിൽനിന്ന് മക്കയിലെ ഖുറയ്ശികളുടെ പദ്ധതികളേയും അവരുടെ പ്രവർത്തനങ്ങളേയും സംബന്ധിച്ച് ദൃഢതരമായ വിവരങ്ങൾ കരസ്ഥമാക്കി. ഹദ്റമിയുടെ സംഘത്തിന്റെ സംഭവം അതിന്നിടയിലുണ്ടായ യാദൃശ്ചിക അത്യാഹിതമായിരുന്നു. ഈ സംഘത്തിലെ ചിലയാളുകൾക്ക് മുഹാജിറുകളുടെ നഷ്ടപ്പെട്ട സ്വത്തുമുതലുകളുടെ വീണ്ടെടുക്കലിനെ സംബന്ധിച്ച് വിചാരമുണ്ടായിരുന്നു എന്ന ചില ചരിത്രകാരന്മാരുടെ അഭിപ്രായം ശരിയല്ല. മറിച്ച് ഈ സംഘത്തിന്റെ യഥാർഥ ഉദ്ദേശ്യം ഹദ്റമികച്ചവടസംഘം മുഖേന അബൂസുഫ്‌യാനിബ്നു ഹർബിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന സംഘത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും മക്കയിലെ ഖുറയ്ശികളുടെ യുദ്ധപദ്ധതിയെ കുറിച്ചുള്ള ദൃഢമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു. ഈ ജോലിയായിരുന്നു രഹസ്യവകുപ്പിനെ ഏല്പിച്ചിരുന്നത്. അതുകൊണ്ട് നബി(സ)തിരുമേനി അയച്ച ഈ ചെറു സംഘം തങ്ങളുടെ കൈയിൽവന്ന അവസരം പാഴാക്കിയില്ല. മക്കയിലെ ഖുറയ്ശികളുടെ യുദ്ധത്തിനുള്ള തയ്യാറെടുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനാണ് അവർ അയക്കപ്പെട്ടതെങ്കിലും അവർ കച്ചവടസംഘത്തെ കൊള്ളയടിച്ച് നബി(സ) തിരുമേനിയുടെ അടുത്ത് തിരിച്ചുവരുന്നത് നല്ലതാണെന്ന് മനസ്സിലാക്കി എന്ന ധാരണ വളരെ വിദൂരമായ ചിന്താഗതിയാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശ് വളരെ വലിയ സ്വഹാബിയായിരുന്നു. നബി(സ)തിരുമേനിയുടെ അമ്മാവിയിലുള്ള സഹോദരനായിരുന്നു. രഹസ്യം സൂക്ഷിക്കുമെന്ന് ഉറപ്പുള്ള ഒരാളെ ഈ നടപടിക്കായി നബി(സ)തിരുമേനി തിരഞ്ഞെടുക്കുകയായിരുന്നു. മക്കയിലെ ഖുറയ്ശികളുടെ യുദ്ധ തയ്യാറെടുപ്പിനെ കുറിച്ച് നബി(സ) തിരുമേനി അറിഞ്ഞപ്പോൾ അവിടന്നും തയ്യാറെടുപ്പ് നടത്താൻ തുടങ്ങി. ഈ തയ്യാറെടുപ്പ് അതീവരഹസ്യമായിട്ടായിരുന്നു.'(സ്വഹീഹുൽ ബുഖാരി, തർജമ വ ശർഹ് ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാല്യം 8, പേജ് 15, കിതാബുൽമഗാസി, ബാബ് ഖിസ്സ ഗസ്‌വത്തുബദ്ർ, അച്ചടിക്കപ്പെട്ടത് ളിയാവുൽഇസ്‌ലാം പ്രസ്സ് റബ്‌വ)

അദ്ദേഹം എഴുതുന്നു: 'യുദ്ധങ്ങൾ പ്രതിപാദിക്കുന്ന നിവേദനങ്ങളിൽ നബി(സ)തിരുമേനി അബ്ദുല്ലാഹിബ്നു ജഹ്ശിന്റേയും സംഘത്തിന്റേയുംമേൽ അസംതൃപ്തി പ്രകടിപ്പിച്ചുവെന്ന കാര്യം ലഭിക്കുന്നുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, ഈ അസംതൃപ്തി യാഥാർഥ്യമാകുമായിരുന്നത് ആ നടപടി കുഴപ്പങ്ങൾക്ക് കാരണമായിത്തീരുന്നുവെങ്കിലാണ്. എന്നാൽ, ചില സന്ദർഭങ്ങളിൽ ചില കാര്യങ്ങൾ ബാഹ്യമായി തെറ്റാണെന്ന് തോന്നാം; ചില നിസാര സംഭവങ്ങൾ മഹത്തായ ഫലങ്ങൾ ഉണ്ടാക്കുന്നതുമാകാറുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ ആ സംഘത്തെ അയക്കാതിരിക്കുകയും അവരിൽനിന്നുണ്ടായത് ഉണ്ടാകാതിരിക്കുകയും ചെയ്താൽ അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ ശാമിൽനിന്ന് വരുന്ന കച്ചവട സംഘം മക്കയിൽ ഒരു ഭയവും കൂടാതെ എത്തുകയും ഖുറയ്ശികൾ ആ കച്ചവടസംഘത്തെ മുതലാക്കി വളരെ വലിയ തയ്യാറെടുപ്പോടുകൂടി മുസ്‌ലിംകളുടെ മേൽ ആക്രമണം നടത്തുകയും, അതിനെ നേരിടാൻ നിരായുധരായ എണ്ണത്തിൽ കുറഞ്ഞ സ്വഹാബാക്കൾക്ക് സാധിക്കാതെ വരികയും ചെയ്യാനിടയാകുമായിരുന്നു. പക്ഷേ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ സംഭവത്തോടെ അഹങ്കാരികളായ ഖുറയ്ശികൾ കോപാകുലരായി. ഈ കോപാന്ധതയിലും അഹങ്കാരത്തിലും ക്ഷണത്തിൽ അവർ ആയിരത്തിനടുത്ത് വരുന്ന സായുധരായ സൈന്യത്തോടുകൂടി തങ്ങളുടെ കച്ചവടസംഘത്തെ രക്ഷിക്കാൻ ബദർ എന്ന സ്ഥലത്തെത്തി. അവിടെ അവരുടെ മരണം വിധിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർക്കറിയുമായിരുന്നില്ല. മറുഭാഗത്ത്, സ്വഹാബാക്കൾക്ക് സായുധരായ ഒരു സൈനികവുമായി പോരാടാനാണ് തങ്ങളെ കൊണ്ടുവന്നതെന്ന് അറിയുമായിരുന്നെങ്കിൽ, അവരിൽ ചിലർ അതിൽ പോകാതിരിക്കാനും സാധ്യതയുണ്ടായിരുന്നു. രഹസ്യം സൂക്ഷിച്ച അത്തരമൊരു പ്രവൃത്തിയാണ് അത് ചെയ്തത്. യുദ്ധത്തിൽ ഇത്തരം കാര്യങ്ങൾ പ്രയോജനപ്പെടുന്നു. ഇവയ്ക്ക് ഇക്കാലത്ത് യുദ്ധപരമായ സാങ്കേതികാർഥത്തിൽ ചാരപ്രവൃത്തി അല്ലെങ്കിൽ camouflage എന്നു പറയുന്നു.(സ്വഹീഹുൽ ബുഖാരി, തർജമ വ ശർഹ് ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, വാല്യം 8, പേജ് 15, കിതാബുൽമഗാസി, ബാബ് ഖിസ്സ ഗസ്‌വത്തുബദ്ർ, അച്ചടിക്കപ്പെട്ടത് ളിയാവുൽഇസ്‌ലാം പ്രസ്സ് റബ്‌വ)

ചരിത്രത്തിലെഴുതിയിരിക്കുന്നു, അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം അദ്ദേഹത്തെ മുഴുലോകത്തുനിന്നും സ്വയം പര്യാപ്തനാക്കി. അദ്ദേഹത്തിനെന്തെങ്കിലും ആഗ്രഹമുണ്ടായിരുന്നെങ്കിൽ, പ്രിയപ്പെട്ട ജീവൻ ഏതെങ്കിലും രീതിയിൽ അല്ലാഹുവിന്റെ വഴിയിൽ ദാനം ചെയ്യണമെന്നു മാത്രമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ഈ ആഗ്രഹം പൂർത്തിയായി. അല്ലാഹുവിന്റെ വഴിയിൽ 'അൽമുജദ്ദഉ ഫില്ലാഹ്'(ചെവി മുറിക്കപ്പെട്ടവൻ) എന്ന പേര് അദ്ദേഹത്തിന്റെ പ്രത്യേകമാക്കപ്പെട്ട അടയാളമായിത്തീർന്നു.(അസദുൽഗാബ വാല്യം 3 പേജ് 90, അബ്ദുല്ലാഹിബ്നു ജഹ്ശ് അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഇതുസംബന്ധമായുള്ള കൂടുതൽ വിശദീകരണമുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ ദുആ എങ്ങനെ സ്വീകരിക്കപ്പെട്ടു. അവി

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്‌ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ടത്തെ ശഹാദത്തിനു മുമ്പേയുള്ള ദുആയുടെ സ്വീകരണ സംഭവം വളരെ പ്രശസ്തമാണ്. ഇസ്ഹാഖ് ബിൻ സഅ്ദ് ബിൻ അബീവഖ്ഖാസ് തന്റെ പിതാവിൽനിന്ന് നിവേദനം. "അബ്ദുല്ലാഹിബ്നു ജഹ്ശ് എന്റെ പിതാവ് അതായത് സഅ്ദിനോടു ഉഹുദു യുദ്ധ ദിവസം പറഞ്ഞു: "വരൂ! നമുക്ക് അല്ലാഹുവിനോടു ദുആ ചെയ്യാം." അങ്ങനെ അവരിരുവരും ഒരൊഴിഞ്ഞ സ്ഥലത്തുപോയി. ആദ്യം ഹദ്റത്ത് സഅ്ദ് ദുആ ചെയ്തു: 'അല്ലാഹുവേ! ഞാൻ ശത്രുവിനെ അഭിമുഖീകരിക്കുമ്പോൾ ക്രൂരനും ശക്തനുമായ ഒരു ശത്രുവിനെ നേരിടാനുള്ള അവസരം എനിക്ക് തരണേ! ഞങ്ങൾ അന്യോന്യം പൊരുതും; ഒടുവിൽ നീ എനിക്ക് ജയം തരണം. അങ്ങനെ ഞാൻ അവനെ കൊന്ന് അവന്റെ വസ്തുക്കൾ കൈവശപ്പെടുത്തും.' അതിന് അബ്ദുല്ലാഹിബ്നു ജഹ്ശ് ആമീൻ ചൊല്ലി. അതിനുശേഷം അബ്ദുല്ലാഹിബ്നു ജഹ്ശ് ദുആ ചെയ്തു: 'അല്ലാഹുവേ, എനിക്ക് ശക്തനും വീരപരാക്രമിയുമായ ഒരു ശത്രുവിനെ തരണേ! നിന്റെ മാർഗത്തിൽ ഞാൻ അവനോടു പൊരുതും; അവൻ എന്നോടും. അവസാനം അവൻ എന്നെ കീഴ്പ്പെടുത്തി എന്റെ മൂക്കും കാതും അരിയും. നാളെ ഞാൻ നിന്റെ സന്നിധിയിൽ വരുമ്പോൾ നിന്റെ മൂക്കും കാതും എന്തിന് അരിഞ്ഞു എന്ന് നീ എന്നോട് ചോദിക്കുകയും നിനക്കും നിന്റെ പ്രവാചകനും വേണ്ടിയാണ് അരിഞ്ഞതെന്ന് ഞാൻ അഭിമാനത്തോടെ പറയുകയും നീ പറഞ്ഞത് സത്യം എന്നു തത്സമയം നിന്റെ മറുപടിയുണ്ടാവുകയും ചെയ്യും.'ഹദ്റത്ത് സഅ്ദ് പറയുന്നു. 'എന്റെ പ്രാർഥനയേക്കാൾ ഉത്തമമായിരുന്നു അബ്ദുല്ലാഹിബ്നു ജഹ്ശിന്റേത്. അവസാന ദിനത്തിൽ അദ്ദേഹത്തിന്റെ മൂക്കും കാതും ഒരു ചരടിൽ മരത്തിൽ കെട്ടിത്തൂക്കിയിരിക്കുന്നതാണ് ഞാൻ കണ്ടത്.'(അസദുൽഗാബ വാല്യം 3 പേജ് 90, അബ്ദുല്ലാഹിബ്നു ജഹ്ശ് അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003).അതായത് അവ മുറിക്കപ്പെട്ടിരുന്നു, അവ കോർക്കപ്പെട്ടിരുന്നു.

അവിശ്വാസികൾ ചെയ്ത അക്രമപ്രവർത്തികളായിരുന്നു ഇത്.' ഇതുതന്നെയാണ്, ഇന്നും ചില തീവ്രവാദികളായ മുസ്‌ലിംകൾ ഇസ്‌ലാമിന്റെ പേരിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മുത്ത്വലിബ് ബിൻ അബ്ദുല്ലാ ബിൻ ഹൻത്വബ് നിവേദനം. നബി(സ) തിരുമേനി ഉഹുദിന്റെ ഭാഗത്തേക്ക് പോയ ദിവസം അവിടന്ന് ശേയ്ഖയ്ൻ മദീനയുടെ അടുത്ത് ഒരു സ്ഥലത്ത് രാത്രി താമസിച്ചു. ഹദ്റത്ത് ഉമ്മു സൽമ ആടിന്റെ പാകം ചെയ്ത ഒരു കൈ കൊണ്ടുവന്നു. അതിൽനിന്ന് അവിടന്ന് ഭക്ഷിച്ചു. കുടിക്കാൻ നബീദും കൊണ്ടുവന്നിരുന്നു. അവിടന്ന് നബീദും കുടിച്ചു. ഹരീറ പോലുള്ള എന്തോ വസ്തുവാണെന്നാണ് തോന്നുന്നത്. പിന്നീടൊരാൾ നബീദ്പാനീയം ഒഴിച്ച കോപ്പ വാങ്ങി. അതിൽനിന്ന് കുറച്ചു കുടിച്ചു. പിന്നീട് ആ കോപ്പ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് വാങ്ങി. അതു കുടിച്ചുതീർത്തു. കുറച്ച് തനിക്ക് നല്കാൻ ഒരാൾ പറഞ്ഞു. നാളെ രാവിലെ എവിടെയാണ് പോകുന്നതെന്ന് താങ്കൾക്കറിയുമോ എന്ന് അബ്ദുല്ലാഹിബ്നു ജഹ്ശിനോടു അയാൾ ചോദിച്ചു. തനിക്കറിയാമെന്ന് അദ്ദേഹം പറഞ്ഞു. വയറു നിറച്ചുകൊണ്ട് എനിക്ക് അല്ലാഹുവിനെ കാണണം. (അതായത് നല്ലവണ്ണം തിന്നും കുടിച്ചും). പക്ഷേ, എനിക്ക് അതിനെക്കാൾ ഇഷ്ടം ദാഹിക്കുന്നവനായി അല്ലാഹുവിനെ കാണുന്നതാണ്.' (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3 പേജ് 50, അച്ചടിക്കപ്പെട്ടത് ദാറു അഹ്‌യാഉത്തുറാബുൽഅറബി ബേറൂത്ത് 1996)

സ്വഹാബാക്കളുടെ അല്ലാഹുവിനോടുള്ള സ്നേഹം അത്ഭുതകരമാണ്. അതിനുവേണ്ടിയുള്ള അവരുടെ തയ്യാറെടുപ്പും അത്ഭുതകരമായ വർണത്തിലുള്ളതാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിനേയും ഹദ്റത്ത് ഹംസത്തുബ്നി അബ്ദുൽ മുത്ത്വലിബിനേയും ഒരേ ഖബ്റിലാണ് ഖബറടക്കിയത്. ഹദ്റത്ത് ഹംസ(റ), ഹദ്റത്ത് അബ്ദുല്ലാഹിബിൻ ജഹ്ശിന്റെ മാതൃസഹോദരി ഭർത്താവായിരുന്നു. ശഹാദത്തിന്റെ നേരത്ത് അദ്ദേഹത്തിന്റെ പ്രായം നാല്പതിൽ കുറച്ചധികമായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ അനന്തരാവകാശ സ്വത്തിന്റെ വലിയ്യ് ആയി. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ മകന് ഖയ്ബറിൽ സ്വത്ത് വാങ്ങിക്കൊടുത്തു. (അസദുൽഗാബ ഫീ മഅ്രിഫത്തിഹിസ്സ്വഹാബ വാല്യം 3 പേജ് 90, അബ്ദുല്ലാഹിബ്നു ജഹ്ശ് അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിന് 'അഭിപ്രായം പറയുന്നയാൾ' എന്ന മഹത്ത്വവും ലഭിച്ചിരുന്നു. നബി(സ)തിരുമേനി ബദ്റിനെ സംബന്ധിച്ച് അഭിപ്രായം തേടിയ സ്വഹാബാക്കളിൽ ഇദ്ദേഹവുമുണ്ടായിരുന്നു. (അൽ ഇസ്തിആബ് ഫീ മഅ്രിഫത്തിഹിൽ അസ്ഹാബ്, വാല്യം 3 പജ് 16, അബ്ദുല്ലാഹിബ്നു ജഹ്ശ്, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), നബി(സ) തിരുമേനി ഉഹുദ് യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ ഉണ്ടായ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ സഹോദരിയുടെ ഒരു സംഭവം വിവരിക്കുന്നുണ്ട്. അത് ചരിത്രത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. അല്ലെങ്കിൽ അദ്ദേഹം തന്റെ വാക്കുകളിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു. നബി(സ) തിരുമേനി എങ്ങനെയാണ് ഉയർന്ന ധൈര്യത്തിന്റേയും തന്റെ ഉയർന്ന ധാർമികതയുടേയും മാതൃക അവതരിപ്പിച്ചതെന്ന് നമ്മൾ ഇതിൽ കാണുന്നുണ്ട്, ജനങ്ങളോടു അനുകമ്പയും സന്തോഷവും പ്രകടിപ്പിച്ചതെന്നും! അവിടന്ന് എത്രമാത്രം ധാർമികതയുടെ ഉയർന്നസ്ഥാനത്തു വിരാജിക്കുന്നുവെന്നാണ് ഈ യുദ്ധത്തിന്റെ അവസ്ഥകളിൽനിന്ന് മനസ്സിലാകുന്നത്. ഈ യുദ്ധത്തിൽ സ്വഹാബത്തിന്റെ അതുല്യമായ ത്യാഗങ്ങളും അറിയാൻ കഴിയുന്നു. എഴുതുന്നു: അവിടന്ന് യുദ്ധം അവസാനിച്ച് മദീനയിലേക്ക് മടങ്ങിവരുന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. 'മദീനയിലെ സ്ത്രീകൾ നബി(സ) തിരുമേനി ശഹീദായെന്ന വിവരമറിഞ്ഞ് പരിഭ്രമിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ അവർ നബി(സ) തിരിച്ചു വരുന്നുവെന്ന വാർത്തകേട്ട് ആ മഹാത്മാവിനെ വരവേല്ക്കാൻ മദീനയ്ക്ക് കുറച്ചു വെളിയിൽ വന്നുനില്ക്കുകയാണ്. അവരിൽ അവിടത്തെ ഒരു ഭാര്യയുടെ സഹോദരി ഹിംന ബിൻത് ജഹ്ശുമുണ്ടായിരുന്നു. അവരുടെ വളരെ അടുത്ത മൂന്ന് ബന്ധുക്കൾ യുദ്ധത്തിൽ ശഹീദായിരുന്നു. നബി(സ)തിരുമേനി അവരെ കണ്ടപ്പോൾ പറഞ്ഞു: നിന്റെ മരിച്ചവരെ കുറിച്ച് ദുഃഖിക്കുക. ഇത് അറബിയിലെ ഒരു പഴഞ്ചൊല്ലാണ്. ഇതിന്റെ അർഥം നിങ്ങളുടെ പ്രിയപ്പെട്ടവൻ വധിക്കപ്പെട്ടിരിക്കുന്നുവെന്ന വിവരം ഞാൻ നല്കുന്നുവെന്നാണ്. ഹിംന ബിൻത് ജഹ്ശ് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ആരുടെ വേർപാടിലാണ് അനുശോചിക്കേണ്ടത്? അവിടന്ന് പറഞ്ഞു: "നിന്റെ മാതുലൻ ഹംസത്ത് ശഹീദായി. ഇതുകേട്ട് ഹദ്റത്ത് ഹിംന ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ചൊല്ലി. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാക്കട്ടെ എന്നു പറഞ്ഞു; അദ്ദേഹം എത്ര നല്ല മരണമാണ് വരിച്ചത്?" അതിനുശേഷം അവിടന്ന് പറഞ്ഞു: 'നിന്റെ മറ്റൊരു മരിച്ചയാളെ അനുശോചിക്കുക.' ഹിംന ചോദിച്ചു: 'യാ റസൂലല്ലാ! ആരുടെ?' അവിടന്ന് പറഞ്ഞു: 'നിന്റെ സഹോദരൻ അബ്ദുല്ലാഹിബ്നു ജഹ്ശ് ശഹീദായിരിക്കുന്നു.' ഹിംന വീണ്ടും ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ ചൊല്ലി. പറഞ്ഞു: 'അൽഹംദുലില്ലാഹ്. അദ്ദേഹവും നല്ല മരണമാണ് വരിച്ചത്.' അവിടന്ന് പിന്നീട് പറഞ്ഞു: 'ഹിംനാ! നിന്റെ മറ്റൊരു ബന്ധുവിന്റെ മരണത്തിൽ അനുശോചിക്കുക!' അവർ ചോദിച്ചു: 'യാ റസൂലല്ലാഹ്! ആരുടെ?' അവിടന്ന് പറഞ്ഞു: 'നിന്റെ ഭർത്താവും ശഹീദായി.' ഇതു കേട്ടപാടെ ഹിംനയുടെ കണ്ണുകളിലൂടെ കണ്ണീർ ധാരയായി ഒഴുകാൻ തുടങ്ങി. അവർ പറഞ്ഞു: 'അഹോ കഷ്ടമേ!' ഇതുകണ്ട് റസൂലല്ലാഹി(സ) പറഞ്ഞു: 'ഭാര്യയ്ക്ക് തന്റെ ഭർത്താവിനോടു എത്ര അഗാധമായ ബന്ധമാണുള്ളത്. ഞാൻ ഹിംനയോടു അവളുടെ മാതുലൻ ശഹീദായ വിവരമറിയിച്ചപ്പോൾ അവൾ ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ചൊല്ലി. അവളുടെ സഹോദരൻ ശഹീദായതറിയിച്ചപ്പോൾ വീണ്ടും ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ചൊല്ലി. പക്ഷേ, ഞാൻ അവളുടെ ഭർത്താവ് ശഹീദായ വിവരമറിയിച്ചപ്പോൾ ഒരു വേദനയോടെ പറഞ്ഞു: 'അഹോ കഷ്ടമേ!' അവൾക്ക് അവളുടെ കണ്ണീർ തടുക്കാൻ കഴിഞ്ഞില്ല. പരിഭ്രമിച്ചുപോയി. പിന്നീട് നബി(സ) തിരുമേനി പറഞ്ഞു: 'സ്ത്രീ അത്തരം നേരത്ത് തന്റെ ഉറ്റബന്ധുക്കളേയും രക്തബന്ധുക്കളേയും മറന്നു പോകുന്നു. പക്ഷേ, അവളെ സ്നേഹിക്കുന്ന ഭർത്താവ് ഓർമ നില്ക്കുന്നു.' അതിനുശേഷം അവിടന്ന് ഹിംനയോടു ചോദിച്ചു: 'നീ നിന്റെ ഭർത്താവിന്റെ മരണവിവരം അറിഞ്ഞ് അഹോ കഷ്ടമേ! എന്ന് പറഞ്ഞതെന്തിനാണ്?' ഹിംന പറഞ്ഞു: 'യാ റസൂലല്ലാഹ്! എനിക്ക് അദ്ദേഹത്തിന്റെ മകനെ ഓർമവന്നു; അവനെ ആര് നോക്കാനാണ്?'

(ഇവിടെ ഭർത്താവിന്റെ സ്നേഹം, അതായത് ഒരു സ്നേഹിക്കുന്ന ഭർത്താവാണെങ്കിൽ അതിന്റെ സ്ഥാനം അയാൾക്കുണ്ട്; ഭർത്താവ് ഓർമിക്കപ്പെടുന്നു– പക്ഷേ, അപ്പോൾ അവളുടെ കുട്ടികളെ കുറിച്ചുള്ള ചിന്തയായിരുന്നു. അതാണ് അവൾ പ്രകടിപ്പിച്ചത്. ഇതിൽ ഇക്കാലത്തെ പുരുഷന്മാർക്കും ഒരു പാഠമുണ്ട്. ഭാര്യമാരെ സ്നേഹിക്കുന്ന ഭർത്താക്കന്മാരാകുക. സ്ത്രീകൾ കുട്ടികളെ കുറിച്ച് ചിന്തയുള്ള മാതാക്കളാകുക. സ്നേഹിക്കുന്ന ഭർത്താക്കന്മാരാകുന്നതിന് ഭാര്യയോടും കുട്ടികളോടുമുള്ള കടമ നിർവഹിക്കേണ്ടതും നിർബന്ധമാണ്. കടമ നിറവേറ്റപ്പെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളുരുത്തി (കേരള)**

ടുന്നില്ലെന്നുള്ള പരാതികൾ ഇക്കാലത്ത് അധികമാണ്).

നബി(സ)തിരുമേനിയും എത്ര മനോഹരമായ നിർദ്ദേശമാണ് നല്കിയത്. അവിടന്ന് ഹിംനയോടു പറഞ്ഞു: 'അല്ലാഹു നിന്റെ ഭർത്താവിനെക്കാൾ നന്നായി അവനെ നോക്കുന്ന ഒരു വ്യക്തിയെ സൃഷ്ടിക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു.' അതായത് കുട്ടികളെ സംരക്ഷിക്കുന്ന ഏതെങ്കിലും വ്യക്തിയെ സൃഷ്ടിക്കുമാറാകട്ടെ! ആ ദുആയുടെ ഫലംതന്നെയായിരുന്നു ഹിംനാ(റ)യുടെ വിവാഹം ഹദ്റത്ത് ത്വൽഹായുമായി നടന്നു. അവർക്ക് മുഹമ്മദ് ബിൻ ത്വൽഹ എന്ന കുട്ടി ജനിച്ചു. എന്നാൽ, ഹിംനയുടെ ആദ്യ ഭർത്താവിലുണ്ടായ മക്കളോടു സ്നേഹവും വാത്സല്യവും കാണിച്ചതുപോലെ ഹദ്റത്ത് ത്വൽഹ(റ) തന്റെ മകൻ മുഹമ്മദിനോടു, കാണിച്ചിരുന്നില്ലെന്ന് ചരിത്രത്തിൽ വന്നിരിക്കുന്നു. ആരുടെയെങ്കിലും മക്കളെ ത്വൽഹയെക്കാളധികം സ്നേഹത്തോടെ വളർത്തുന്ന ആരുമില്ലെന്ന് ആളുകൾ പറയാറുണ്ടായിരുന്നു. ഇത് നബി (സ) തിരുമേനിയുടെ ദുആയുടെ ഫലമായിരുന്നു." (മസാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽ ഉലൂം, വാല്യം 19, പേജ് 56–57)

ഹദ്റത്ത് കഅ്ബുബ്നു സയ്ദ് എന്ന സ്വഹാബിയാണ് രണ്ടാമത്തേത്. അദ്ദേഹത്തിന്റെ പേര് കഅ്ബുബ്നു സയ്ദ് ബിൻ ഖയ്സ് ബിൻ മാലിക് എന്നായിരുന്നു. ബനൂനജ്ജാർ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് കഅ്ബ്(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഖൻദഖ് യുദ്ധത്തിൽ ശഹീദായി. അദ്ദേഹത്തിന് ഉമ്മയ്യ ബിൻ റബീഅ ബിൻ സ്വഖ്റയുടെ അമ്പേറ്റു എന്ന് പറയപ്പെടുന്നു. 'ബിഅ്ർ മഊന' സ്വഹാബാക്കളിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ എല്ലാ കൂട്ടുകാരും ശഹീദായപ്പോൾ അദ്ദേഹം മാത്രം ജീവനോടെ രക്ഷപ്പെട്ടിരുന്നു. (അൽ ഇസ്തിആബ് വാല്യം 3 പേജ് 376, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഒരു ഗോത്രക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നബി(സ) തിരുമേനി തന്റെ 70 സഹാക്കളെ– അവരിൽ ധാരാളം ഹാഫിളുമാരും ഖാരികളുമുണ്ടായിരുന്നു– അയച്ചു. അവർ ഹദ്റത്ത് കഅ്ബിനെ ഒഴികെ എല്ലാവരേയും വഞ്ചനയിലൂടെ ശഹീദാക്കി. ഇത് 'ബിഅ്ർമഊന' എന്ന സ്ഥലത്ത് വെച്ചായിരുന്നു. ഹദ്റത്ത് കഅ്ബ് ആ നേരത്ത് ഒരു മലയിൽ കയറിപ്പോയി. ചില നിവേദനങ്ങളനുസരിച്ച് അവിശ്വാസികൾ അദ്ദേഹത്തെ ആക്രമിക്കുകയും അദ്ദേഹത്തിനും ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു. അദ്ദേഹം മരിച്ചുവെന്നു കരുതി അവിശ്വാസികൾ അദ്ദേഹത്തെ ഉപേക്ഷിച്ചുപോയതാണ്. പക്ഷേ, അപ്പോൾ അദ്ദേഹത്തിൽ ജീവനുണ്ടായിരുന്നു. അതിനുശേഷം കുറച്ചുദിവസത്തിനുള്ളിൽ മദീനയിലെത്തി. വീണ്ടും അദ്ദേഹത്തിന് ജീവിതം കിട്ടി.(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ, പേജ് 518–19)

മൂന്നാമതായി പറയുന്നത് ഹദ്റത്ത് സ്വാലിഹ് ശുഖ്റാനെ കുറിച്ചാണ്. അദ്ദേഹത്തിന്റെ പേര് സ്വാലിഹ് എന്നായിരുന്നു. ഉപനാമം ശുഖ്റാൻ എന്നായിരുന്നു. ഈ പേരിലായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഹദ്റത്ത് സ്വാലിഹ് ശുഖ്റാൻ, ഹദ്റത്ത് അബ്ദുല്ലാ ബിൻ ഔഫ് മോചിപ്പിച്ച ഹബ്ശി അടിമയായിരുന്നു. തന്നെ സേവിക്കുന്നതിന് നബി(സ) തിരുമേനി അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. ഹദ്റത്ത് അബ്ദുർ റഹ്മാന് വിലകൊടുത്ത് അദ്ദേഹത്തിൽനിന്ന് വാങ്ങി. ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ് ഒരു പ്രതിഫലവും പറ്റാതെ അദ്ദേഹത്തെ നബി(സ) തിരുമേനിയ്ക്ക് കാണിക്കവച്ചു.(അസദുൽഗാബ വാല്യം 2 പേജ് 392, ശുഖ്റാൻ(റ), അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് സ്വാലിഹു ശുഖ്റാൻ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആ നേരത്ത് അദ്ദേഹം സ്വതന്ത്രനായിരുന്നില്ല; അടിമയായിരുന്നു. അതിനാൽ, നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ഓഹരി നിശ്ചയിച്ചിരുന്നില്ല. നബി(സ)തിരുമേനി ഹദ്റത്ത് സ്വാലിഹ് ശുഖ്റാനെ തടവുകാരുടെ മേൽനോട്ടക്കാരനായി നിശ്ചയിച്ചു. ഹദ്റത്ത് സ്വാലിഹ് ശുഖ്റാൻ ഏതൊരു തടവുകാരുടെ മേൽനോട്ടമായിരുന്നുവോ വഹിച്ചിരുന്നത് അവർ പകരമായി സ്വയം പ്രതിഫലം കൊടുത്തിരുന്നു. അങ്ങനെ അദ്ദേഹത്തിന് യുദ്ധമുതലിനെക്കാൾ കൂടുതൽ മുതൽ ലഭിക്കുകയുണ്ടായി.(സീറത്തു ഇബ്നു കഥീർ, ബാബു ദിക്റു ഉബയ്ദ.. പേജ് 750, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005) യുദ്ധമുതലിൽനിന്ന് ഓഹരി കിട്ടിയിരുന്നില്ല. പക്ഷേ, ആ മേൽനോട്ടം കാരണത്താൽ യുദ്ധമുതലിനേക്കാൾ കൂടുതൽ മുതൽ കിട്ടി. ബദ്ർ യുദ്ധത്തിനുശേഷം നബി(സ)തിരുമേനി അദ്ദേഹത്തെ സ്വതന്ത്രനാക്കി.(അസദുൽഗാബ വാല്യം 2 പേജ് 392, ശുഖ്റാൻ(റ), അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് ജഅ്ഫർ ബിൻ മുഹമ്മദ് സ്വാദിഖ് പറയുന്നു: 'ഹദ്റത്ത് ശുഖ്റാൻ അസ്ഹാബുസ്സുഫ്ഫയിൽപെട്ടയാളായിരുന്നു.(ഹുലിയത്തുൽ ഔലിയാ, വാല്യം 1, പേജ് 348, ബാബ് ദിക്റു അഹ്ലുസ്സുഫ്ഫ, അച്ചടിക്കപ്പെട്ടത് മക്തബത്തുൽ ഈമാനുൽമൻസൂറഃ 2007) എപ്പോഴും നബി(സ) തിരുമേനിയുടെ പടിവാതിലിൽ ഇരുന്നവരിൽപെട്ടയാളായിരുന്നു. ഹദ്റത്ത് ശുഖ്റാന്, നബി(സ)തിരുമേനിയെ കുളിപ്പിക്കുന്നതിലും ഖബ്റടക്കുന്നതിലും പങ്കെടുക്കാൻ ഭാഗ്യം കിട്ടി.'(അൽഇസ്വാബ, വാല്യം 3, പേജ് 284, ശുഖ്റാൻ, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഹദ്റത്ത് ഇബ്നു അബ്ബാസ് പറയുന്നു: 'നബി(സ) തിരുമേനിയെ ആ മഹാത്മാവിന്റെ കുപ്പായത്തോടുകൂടിത്തന്നെയാണ് കുളിപ്പിച്ചത്. അവിടത്തെ ഖബ്റിൽ ഹദ്റത്ത് അലി, ഹദ്റത്ത് ഫള്ൽ ബിൻ അബ്ബാസ്, ഹദ്റത്ത് ഖഥം ബിൻ അബ്ബാസ്, ഹദ്റത്ത് ശുഖ്റാൻ, ഹദ്റത്ത് ഔസ് ബിൻ ഖവലി എന്നിവർ ഇറങ്ങി.' (അസ്സുനനു ൽ കുബ്റാ ലിൽബയ്ഹഖി വാല്യം 4 പേജ് 84 ഹദീഥ് 7143, ജമാഉ അബ്വാബുത്തക്ബീർ അലൽ ജനാഇസി....മക്തുബുർറുശുദ് രിയാള് 2004)

ഹദ്റത്ത് ശുഖ്റാൻ ഇതുസംബന്ധമായി പറയുന്നു: 'അല്ലാഹുവാണ! ഞാൻ തന്നെയാണ് ഖബ്റിൽ നബി(സ) തിരുമേനിയുടെ താഴെ വെൽവെറ്റ് ചാദുർ വിരിച്ചത്.'(സുനനുത്തുർമുദി, കിതാബുൽ ജനാഇസ് , ബാബു മാ ജാഅ ഫിഥൗബിൽ വാഹിദ് ഹദീഥ് 1047)

സ്വഹീഹ് മുസ്ലിമിന്റെ നിവേദനമനുസരിച്ച് അത് ചെമന്നനിറത്തിലുള്ള വെൽവെറ്റ് ചാദുർ ആയിരുന്നു.(സ്വഹീഹ് മുസ്ലിം, കിതാബുൽ ജനാഇസ്, ബാബു ജഅലൽഖത്വീഫത്തിഹീ ഫിൽ ഖബ്റി ഹദീഥ് 2241)

നബി(സ)തിരുമേനി ഉപയോഗിച്ചിരുന്ന ചാദുറായിരുന്നു അത്. ഹദ്റത്ത് ശുഖ്റാൻ(റ) പറയുന്നു: 'നബി(സ) തിരുമേനിയ്ക്കുശേഷം മറ്റാരെങ്കിലും അതു പുതയ്ക്കുന്നത് ഞാനിഷ്ടപ്പെട്ടില്ല. കാരണം നബി(സ)തിരുമേനി ആ ചാദുർ പുതയ്ക്കുകയും വിരിക്കുകയും ചെയ്യാറുണ്ടായിരുന്നു.'(അൽമിൻഹാജു ബി ശർഹി സ്വഹീഹ് മുസ്ലിം, ഇമാം നവവി, പേജ് 749, കിതാബുൽജനാഇസ് ബാബു ജഅലൽഖത്വീഫത്തിഹീ ഫിൽ ഖബ്റി ഹദീഥ് 967, അച്ചടിക്കപ്പെട്ടത് ദാറു ഇബ്നു ഹസം 2002)

'മുരീസീഅ്' യുദ്ധാവസരത്തിൽ നബി(സ) തിരുമേനി ഹദ്റത്ത് ശുഖ്റാനെ നാട്ടുകാരിൽനിന്നും 'മുരീസീഅ്' വാസികളുടെ ക്യാമ്പുകളിൽനിന്നും കിട്ടിയ വസ്തുവകകളുടേയും ആയുധങ്ങൾ, മൃഗങ്ങൾ തുടങ്ങിയവയുടേയും മേൽനോട്ടക്കാരനായി നിശ്ചയിച്ചിരുന്നു.(അംതാഉൽ അസ്മാഅ് വാല്യം 6, പേജ് 316, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1999)

ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വളരെ വിശ്വസ്തനായിരുന്നു; അതിന്റെ മേൽനോട്ടം വഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെക്കുറിച്ച് അറിയാൻ കഴിയുന്നു, ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ശുഖ്റാന്റെ മകൻ അബ്ദുർ റഹ്മാൻ ബിൻ ശുഖ്റാനെ ഹദ്റത്ത് അബൂ മൂസാ അശ്അരിയുടെ അടുത്ത് അയച്ചു. എന്നിട്ടെഴുതി: ഞാൻ താങ്കളുടെ അടുത്തേക്ക് ഒരു സ്വാലിഹായ മനുഷ്യൻ അബ്ദുർറഹ്മാൻ ബിൻ സ്വാലിഹ് ശുഖ്റാനെ– അദ്ദേഹം നബി(സ)തിരുമേനി സ്വതന്ത്രനാക്കിയ അടിമയാണ്– അയക്കുകയാണ്. നബി(സ) തിരുമേനിയുടെ അടുത്ത് അദ്ദേഹത്തിന്റെ പിതാവിനുണ്ടായിരുന്ന സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ ഇവനോടു പെരുമാറേണ്ടതാണ്.'(അൽഇസ്വാബ, വാല്യം 5, പേജ് 31, അബ്ദുർറഹ്മാനിബ്നു ശുഖ്റാൻ, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഇസ്ലാം അടിമകൾക്ക് നല്കിയിരുന്ന സ്ഥാനമായിരുന്നു ഇത്. അടിമത്വത്തിൽനിന്ന് മോചനം നല്കിയെന്നു മാത്രമല്ല, മറിച്ച് അവരുടെ സന്താനങ്ങളും ആദരണീയാർഹരായി. ഹദ്റത്ത് ശുഖ്റാൻ മദീനയിൽ താമസമാക്കിയിരുന്നുവെന്നും അദ്ദേഹത്തിന്റെ ഒരു വീട് ബസ്വറയിലുണ്ടായിരുന്നുവെന്നും ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലത്താണ് അദ്ദേഹം വഫാത്തായത്.(അൽഇസ്വാബ, വാല്യം 3, പേജ് 285, ശുഖ്റാൻ, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)

ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമിനെ കുറിച്ചാണ് ഇനി പറയുന്നത്. ഖസ്റജ് ഗോത്രത്തിലെ ബനൂ ഗനം ബിൻ ഔഫ് കുടുംബവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു; പേര് ഫുറയ്അ.(അത്ത്വബക്കാത്തുൽ വാല്യം 3, പേജ് 282,മാലിക് ബിൻ ദുഖ്ശും, അച്ചടിക്കപ്പെട്ടത് ദാറു അഹ്യാഉത്തുറാബുൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും അഖബാബയ്അത്തിൽ (അഖബാ ഉടമ്പടി) പങ്കെടുത്തിട്ടുണ്ടോ എന്ന കാര്യത്തിൽ ഉലമാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇബ്നു ഇസ്ഹാഖിന്റേയും മൂസാബിൻ ഉത്ബയുടെ പക്കൽ അദ്ദേഹം അഖ്ബാ ബയ്അത്തിൽ പങ്കെടുത്തിരുന്നു എന്നാണ്. എന്തായാലും ഉലമാക്കളുടെ ഇത്തരം ചർച്ച നടന്നുകൊണ്ടേയിരിക്കുന്നതാണ്. ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും ബദ്ർ, ഉഹുദ്, ഖൻദഖ് അതിനുശേഷം നടന്ന എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു.(അൽ ഇസ്തിആബ് വാല്യം 3 പേജ് 405 –406, മാലിക് ബിൻ ദുഖ്ശും, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

സുഹയ്ലുബ്നു അംറ് വലിയവരും ആദരണീയരുമായ ഖുറയ്ശി നേതാക്കളിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ മുശ്രിക്കീങ്ങളുടെ ഭാഗത്തുനിന്ന് പങ്കെടുത്തിരുന്നു. അദ്ദേഹത്തെ ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമാണ് തടവുകാരനാക്കിയത്.

നിവേദനത്തിൽ വന്നിരിക്കുന്നു: ആമിർ ബിൻ സഅ്ദ് തന്റെ പിതാവ് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിൽനിന്ന് നിവേദനം. ഞാൻ ബദ്ർ യുദ്ധ ദിവസം സുഹയ്ലുബ്നു അംറിനു നേരെ അമ്പെയ്തു. അതേറ്റ് അദ്ദേഹത്തിന്റെ ഞരമ്പ് മുറിഞ്ഞുപോയി. ഒഴുകിക്കൊണ്ടിരുന്ന ചോരത്തു

ള്ളികളുടെ പിന്നാലെ ഞാൻ നടന്നുപോയി. ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും അദ്ദേഹത്തിന്റെ നെറ്റിയുടെ ഭാഗത്തുള്ള മുടിയിൽ പിടിച്ചിരിക്കുന്നത് ഞാൻ കണ്ടു. ഇതെന്റെ തടവുകാരനാണെന്ന് ഞാൻ പറഞ്ഞു; ഞാനാണ് അമ്പെയ്തത്. പക്ഷേ, ഹദ്റത്ത് മാലിക് പറഞ്ഞു: ഇതെന്റെ തടവുകാരനാണ്; ഞാനാണ് അയാളെ പിടിച്ചത്. പിന്നീട് അവർ രണ്ടുപേരും സുഹയ്‌ലിനേയുംകൊണ്ട് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ) തിരുമേനി അവർ രണ്ടുപേരിൽനിന്നും സുഹയ്‌ലിനെ വാങ്ങി. റൗഹ എന്ന സ്ഥലത്തുവെച്ച് സുഹയ്ൽ, ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമിന്റെ കൈയിൽനിന്ന് ചാടിപ്പോയി. ഹദ്റത്ത് മാലിക് ഉറക്കെ വിളിച്ചുപറയുകയും അയാളെ അന്വേഷിച്ച് പുറപ്പെടുകയും ചെയ്തു. ആ അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'അയാളെ ആർക്കു കിട്ടിയാലും വധിക്കുക.' അയാൾ യുദ്ധം ചെയ്യാൻ വന്നതാണ്. മുസ്‌ലിംകളുമായി പോരാടി. തടവുകാരനായി. എന്നിട്ട് ചാടിപ്പോയി; വീണ്ടും അയാളിൽനിന്ന് അപകടം ഉണ്ടാകാനിടയുണ്ടായിരുന്നു. എന്തായാലും യുദ്ധത്തടവുകാരനായിരുന്നു. അയാൾക്കെതിരിൽ കല്പനയുണ്ടായി. പക്ഷേ, അദ്ദേഹത്തിന്റെ ജീവിതം രക്ഷപ്പെടേണ്ടതുണ്ടായിരുന്നു. സുഹയ്‌ലുബ്നു അംറ് മറ്റാരേയും കാണാതെ നബി(സ) തിരുമേനിയെ വന്നു കണ്ടു. നബിയെ വന്നു കണ്ടപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ വധിച്ചില്ല. വേറെ ഏതെങ്കിലും സ്വഹാബിയുടെ കൈയിൽ അകപ്പെട്ടിരുന്നെങ്കിൽ വധിക്കപ്പെടുമായിരുന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ അടുത്താണ് വന്നത്; അതുകൊണ്ട് അദ്ദേഹത്തെ വധിച്ചില്ല."

(ഇതാണ് മാതൃക. നബി(സ) തിരുമേനി അക്രമം ചെയ്തുവെന്നും കൊലപാതകങ്ങൾ നടത്തിയെന്നും ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടിയാണ് അവിടത്തെ ഈ മാതൃക. വധശിക്ഷ വിധിക്കപ്പെട്ടയാളേയും അവിടന്ന് കണ്ടപ്പോൾ വധിച്ചില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. സുഹയ്ൽ, നബി(സ) തിരുമേനിയെ കരുവേലി വൃക്ഷങ്ങളുടെ കൂട്ടത്തിൽവെച്ചാണ് കണ്ടത്. അവിടത്തെ കല്പനയനുസരിച്ച് അയാളുടെ കൈ അയാളുടെ കഴുത്തിനോടുചേർത്തു കെട്ടി. അതായത് തടവുകാരനാക്കി."(താരീഖ് ദിമശ്ഖ് ലി ഇബ്നു അസാക്കീർ, വാല്യം 12, ഭാഗം 24, പേജ് 333, അച്ചടിക്കപ്പെട്ടത് ദാറു അഹ്‌യാഉത്തുറാബുൽഅറബി ബേറൂത്ത്)

സ്വഹീഹ് ബുഖാരിയിൽ ഇങ്ങനെ നിവേദനമുണ്ട്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത അൻസ്വാരി സ്വഹാബാക്കളിൽപെട്ട ഹദറത്ത് ഇത്ബാൻ ബിൻ മാലിക്, നബി(സ) തിരുമേനിയുടെയടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ കാഴ്ച കുറഞ്ഞിരിക്കുന്നു. ഞാനെന്റെ ജനതയെ നമസ്കരിപ്പിക്കാറുണ്ട്. മഴ വരുമ്പോൾ എന്റേയും അവരുടേയും ഇടയിലുള്ള തോട്ടിൽ വെള്ളപ്പൊക്കമുണ്ടാകുന്നു. അവരുടെ മസ്ജിദിൽ പോയി എനിക്ക് നമസ്കരിപ്പിക്കാൻ കഴിയുന്നില്ല. അല്ലാഹുവിന്റെ റസൂലേ! അങ്ങ് എന്റെ വീട്ടിൽ വരണമെന്നും എന്റെ വീട്ടിൽ നമസ്കരിക്കണമെന്നും അത് മസ്ജിദാക്കണമെന്നുമാണ് എന്റെ ആഗ്രഹം.' നബി(സ) തിരുമേനി പറഞ്ഞു: 'ഇൻശാഅല്ലാഹ്. ഞാൻ വരുന്നതാണ്.' നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) ഒരു ദിവസം രാവിലെ എന്റെ വീട്ടിൽ വന്നു. നബി(സ) തിരുമേനി എന്നോടു അനുവാദം ചോദിച്ചു. ഞാൻ അനുവാദം കൊടുത്തു. അവിടന്ന് വീട്ടിൽ വന്നപ്പോൾ ഇരുന്നില്ല. പ്രത്യുത ചോദിച്ചു: 'താങ്കൾ ഞാൻ എവിടെ നമസ്കരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.' അദ്ദേഹം പറയുന്നു: ഞാൻ വീടിന്റെ ഒരു കോണിലേക്ക് ചൂണ്ടിക്കൊണ്ട് അവിടെയാണെന്നു പറഞ്ഞു. നബി(സ) നമസ്കാരത്തിനായി അവിടെ നിന്നു. നമസ്കരിച്ചു. അല്ലാഹു അക്ബർ പറഞ്ഞു. ഞങ്ങളും നിന്നു. സ്വഫ് ശരിയാക്കി. അവിടന്ന് രണ്ട് റക്അത്ത് നമസ്കരിച്ച് സലാം വീട്ടി. നിവേദകൻ പറയുന്നു: 'ഞങ്ങൾ നബി(സ) തിരുമേനിക്ക് ഖസീറ ഇറച്ചിക്കറിയും റൊട്ടിയും തയ്യാറാക്കിയിരുന്നു. അതുകൊടുക്കാൻവേണ്ടി നബി(സ)തിരുമേനിയെ അവിടെ നിറുത്തി. നിവേദകൻ പറയുന്നു: മഹല്ലിലെ മറ്റു ചിലയാളുകളും വീട്ടിൽ വന്നിരുന്നു. എല്ലാവരും ഒത്തുകൂടിയപ്പോൾ മാലിക് ബിൻ ദുഖുശും എവിടെ എന്ന് ആരോ ചോദിച്ചു. അയാൾ മുനാഫിഖാണെന്ന് അവരിൽ ആരോ പറഞ്ഞു. അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കാത്തയാളാണ്.' അവിടെ വരാത്ത കാരണത്താലായിരിക്കാം പറഞ്ഞിട്ടുണ്ടാകുക; ആ പ്രദേശത്താണ് അദ്ദേഹം താമസിച്ചിരുന്നത്. നബി(സ) തിരുമേനി പറഞ്ഞു: 'ഇങ്ങനെ നിങ്ങൾ പറയരുത്. അയാൾ ലാ ഇലാഹ ഇല്ലല്ലാഹ് ഏറ്റുചൊല്ലിയത് നിങ്ങൾ കണ്ടില്ലേ?' അതിലൂടെ അല്ലാഹുവിന്റെ പ്രീതിതന്നെയാണ് ആഗ്രഹിക്കുന്നത്. പറഞ്ഞയാൾ പറഞ്ഞു:'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നത്.' പിന്നീട് അയാൾ പറഞ്ഞു: 'അയാളുടെ ശ്രദ്ധയും അയാളുടെ ഗുണകാംക്ഷയും ഞങ്ങൾ കാണുന്നത് കപടവിശ്വാസികൾക്ക് വേണ്ടിയാണ്.' ലോലമായ മനസ് കാരണത്താൽ കപടവിശ്വാസികൾക്കും തബ്‌ലീഗ് ചെയ്യാമെന്ന് അദ്ദേഹം ആഗ്രഹിച്ചിട്ടുണ്ടാകും. ഇതുകൊണ്ട് സ്വഹാബാക്കളിൽ തെറ്റുധാരണ ഉണ്ടായിട്ടുണ്ടാകാം. നബി(സ) തിരുമേനി പറഞ്ഞു:'ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞവന്റെമേൽ, അയാൾ ആ ഏറ്റുപറച്ചിൽകൊണ്ട് അല്ലാഹുവിന്റെ പ്രീതിയാണ് ആഗ്രഹിക്കുന്നതെങ്കിൽ അവന് തീ നിഷിദ്ധമാക്കിയിരിക്കുന്നു!' (സ്വഹീഹ് ബുഖാരി കിതാബുസ്സലാത്ത്, ബാബ് അൽമസാജിദു ഫിൽ ബുയൂത്തി ഹദീഥ് 425)

കുഫ്ർ ഫത്വ നല്കുന്ന ഉലമാക്കൾക്കുള്ള മറുപടിയാണിത്; ഇതിന്റെ പേരിൽ അഹ്മദികളുടെമേൽ അക്രമം കാണിക്കുന്നവർക്ക് പ്രത്യേകിച്ചും. ഈ നാമധാരികളായ ഉലമാക്കൾ തങ്ങളുടെ ഫത്വകൾകൊണ്ട് മുസ്‌ലിം രാഷ്ട്രങ്ങളുടെ ശാന്തിയും സമാധാനവും തകർത്തിരിക്കുന്നു. ഈയിടെയായി പാക്കിസ്താനിൽ 'ലബ്ബൈക്ക് യാ റസൂലല്ലാഹ്' എന്ന സംഘടന രൂപീകരിച്ചിരിക്കുന്നു. 'ലബ്ബൈക്ക് യാറസൂലല്ലാഹ്' എന്ന മുദ്രാവാക്യം അവർ മുഴക്കുന്നുണ്ട്. ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നവരോടു നിങ്ങൾ മുസ്‌ലിംകളല്ലെന്ന് പറയരുതെന്നുള്ളത് നബി(സ) തിരുമേനിയുടെ കല്പനയാണ്. അല്ലാഹു അവരുടെമേൽ അഗ്നി നിഷിദ്ധമാക്കിയിരിക്കുന്നു; അല്ലാഹുവിന്റെ തൃപ്തിയാഗ്രഹിച്ചുകൊണ്ടാണ് അവർ ഇങ്ങനെ പറയുന്നതെങ്കിൽ. ഇവർ പറയുന്നത് നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടല്ല ഇങ്ങനെ പറയുന്നതെന്നാണ്. മനസ്സിന്റെ അവസ്ഥ അറിയുന്നവൻ അല്ലാഹുവാണ്. അല്ലാഹു അവരിൽനിന്ന് ജനതയെ കാത്തുരക്ഷിക്കുമാറാകട്ടെ.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇത്ബാൻ ബിൻ മാലിക്, നബി(സ) തിരുമേനിയോടു പറഞ്ഞു: 'ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും മുനാഫിഖാണ്. അദ്ദേഹം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് സാക്ഷ്യം പറയുന്നില്ലെ എന്ന് നബി(സ) തിരുമേനി ചോദിച്ചു. ഇത്ബാൻ പറഞ്ഞു: 'പറയുന്നുണ്ട്; എന്നാൽ, അയാൾ ആത്മാർഥമായല്ല പറയുന്നത്.' നബി(സ) തിരുമേനി ചോദിച്ചു: 'അയാൾ നമസ്കരിക്കാറില്ലേ.' ഇത്ബാൻ പറഞ്ഞു: 'അയാളുടെ നമസ്കാരം, നമസ്കാരമല്ല.' അവരിൽ ചിലയാളുകളിൽ ഇക്കാലത്തെ മൗലവിമാരെപോലെ കടുംപിടിത്തം ഉണ്ടായിരുന്നതായി തോന്നുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ഇക്കൂട്ടരെകുറിച്ച് ഏതെങ്കിലും തരത്തിലുള്ള അഭിപ്രായം പറയുന്നതിൽനിന്ന് അല്ലാഹു എന്നെ വിലക്കിയിരിക്കുന്നു.(അസദുൽഗാബ വാല്യം 4 പേജ് 230,മാലിക് ബിൻ ദുഖുശും അച്ചടിക്കപ്പെട്ടത് ദാറുൽ ഫിക്ർ ബേറൂത്ത് 2003) മനസുകളുടെ അവസ്ഥ അല്ലാഹു മാത്രമാണ് അറിയുന്നത്.'

നബി(സ) തിരുമേനിയെ അല്ലാഹു വിലക്കി. പക്ഷേ, ഈ ഉലമാക്കൾ പറയുന്നതനുസരിച്ച്, അല്ലാഹുവിന്റെ പേരിൽ അക്രമം ചെയ്തുകൊണ്ടിരിക്കാനും പ്രത്യേകിച്ചും പാക്കിസ്താനീ ഉലമാക്കൾക്ക് സർട്ടിഫിക്കേറ്റുണ്ട്, ലൈസൻസുണ്ട്.

ഹദ്റത്ത് അനസ് ബിൻ മാലിക്(റ)പറയുന്നു: 'നബി(സ) തിരുമേനിയുടെ മുമ്പിൽവെച്ച് മാലിക് ബിൻ ദുഖ്ശുമിനെ ചീത്തപറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു; ലാ തസുബ്ബൂ അസ്ഹാബീ. നിങ്ങൾ എന്റെ സഖാക്കളെ ചീത്തപറയരുത്.'(അൽ ഇസ്തിആബ് വാല്യം 3 പേജ് 406, മാലിക് ബിൻ ദുഖുശും, അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

നബി(സ) തിരുമേനി തബൂക് യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോൾ മദീനയിൽനിന്ന് കുറച്ചകലെ ദീഅവാൻ എന്ന സ്ഥലത്ത് താമസിച്ചു. നബി(സ) തിരുമേനിയ്ക്ക് മസ്ജിദ് ളിറാറിനെ കുറിച്ച് വഹ്‌യുണ്ടായി. അവിടന്ന് ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമിനേയും ഹദ്റത്ത് മുഅൻ ബിൻ അദിയേയും വിളിപ്പിച്ചു. മസ്ജിദ് ളിറാറിലേക്ക് പോകാൻ പറഞ്ഞു. ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമും ഹദ്റത്ത് മുഅൻ ബിൻ അദിയും വേഗം ബനൂസാലിം ഗോത്രത്തിലെത്തി. അത് മാലിക് ബിൻ ദുഖ്ശുമിന്റെ ഗോത്രമായിരുന്നു. മാലിക് ബിൻ ദുഖ്ശും, ഹദ്റത്ത് മുഅൻ ബിൻ അദിയ്യോട് പറഞ്ഞു: എനിക്കു അല്പം സമയം തരിക. ഞാൻ വീട്ടിൽ പോയി തീ കൊണ്ടുവരാം. അദ്ദേഹം വീട്ടിൽപോയി. ഈത്തപ്പനയുടെ ഓലകൊണ്ട് ചൂട്ടുണ്ടാക്കി, തീ കൊളുത്തി വന്നു. പിന്നീട് അവർ രണ്ടുപേരും മസ്ജിദ് ളിറാറിലെത്തി. മഗ്‌രിബിനും ഇശായ്ക്കുമിടയിൽ അവർ അവിടെയെത്തി എന്നാണ് ഒരു നിവേദനത്തിലുള്ളത്. അതിനു തീ കൊളുത്തി, നിലംപരിശാക്കി. (ശർഹ് സർഖാനീ അലാ മവാഹിബുല്ലദുന്നിയ വാല്യം 4 പേജ് 97–98, ബാബ് ഗസ്‌വത്തു തബൂക് അച്ചടിക്കപ്പെട്ടത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഇവരെ കുറിച്ച് ചിലയാളുകൾ ചില തെറ്റായ ധാരണ കാരണത്താൽ അവർ തെറ്റായ വഴിയിൽ സഞ്ചരിക്കുന്നവരായിരുന്നുവെന്ന്– മുനാഫിഖാണെന്നുവരെ പറഞ്ഞിട്ടുണ്ട്. സ്വഹാബാക്കളെ കുറിച്ച് നമുക്ക് അത് ഊഹിക്കാൻപോലും പറ്റുകയില്ല. പക്ഷേ, പിന്നീട് അവർ അല്ലാഹുവിന്റെ കല്പനയിൽ മുനാഫിഖുകളുടെ കേന്ദ്രം നശിപ്പിക്കുന്നവരായിത്തീർന്നു, അതു നശിപ്പിക്കുന്നവരായിത്തീർന്നു.

അല്ലാഹു ഈ സ്വഹാബാക്കളുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അല്ലാഹുവിന്റെ കല്പനകൾ ഏതുവരെ നമ്മൾ നിറവേറ്റുന്നവരാണെന്ന് ആത്മപരിശോധന നടത്താനും നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ;

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**മുറബ്ബിമാർ സ്വയം തങ്ങളെ Value ആക്കുക. ☆ഫലങ്ങൾ ഉണ്ടാക്കിക്കാണിക്കേണ്ടത് മുബല്ലിഗുമാരുടെ ജോലിയാണ്.**

വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ ഉണ്ടാക്കുന്ന പരിപാടികളുടെ കൃത്യമായ വാർഷിക കലണ്ടർ ഉണ്ടാകേണ്ടതാണ്. ഏതേതെല്ലാം പരിപാടികൾ എപ്പോഴൊക്കെയാണെന്നും ഏതു പരിപാടിയിലാണ് തങ്ങൾ പങ്കെടുക്കേണ്ടതെന്നും മുറബ്ബിമാർ അറിഞ്ഞിരിക്കണം. നിങ്ങളുടെ ഏത് മസ്ജിദാണെങ്കിലും നമസ്കാര സെന്ററാണെങ്കിലും അവ അഞ്ചുനേരവും നമസ്കാരങ്ങൾക്കു തുറക്കേണ്ടതാണ്. അതിന് പതിവായി ഏർപാടുണ്ടായിരിക്കണം. തർബിയ്യത്തി ഇഷ്യൂസിനെ സംബന്ധിച്ച് തർബിയ്യത്ത് സെക്രട്ടറിയുമായി ബന്ധപ്പെടുക. അവരുമായി ചേർന്ന് ജമാഅത്തംഗങ്ങളുടെ തർബിയ്യത്തിനുള്ള പരിപാടികളുണ്ടാക്കുക.

**നേട്ടങ്ങളുണ്ടാക്കിക്കാണിക്കേണ്ടത് മുബല്ലിഗുമാരുടെ ജോലിയാണ്. നിങ്ങൾ തബ്ലീഗ്-തർബിയ്യത്ത് ജോലികൾ ചെയ്യണം. എങ്ങനെ ചെയ്യണം? അത് നിങ്ങളുടെ ജോലിയാണ്. പരിതഃസ്ഥിതികൾ മുന്നിൽവെച്ചുകൊണ്ട് നിങ്ങളുടെ പരിപാടി തയ്യാറാക്കുക.**

രണ്ടു കുടുംബങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കേണ്ട ഘട്ടം വരുമ്പോൾ, അവരുടെ വഴക്കുകൾ പരിഹരിക്കേണ്ടിവരുമ്പോൾ ഏതെങ്കിലും കക്ഷിക്കാരനാകരുത്, ആരോടും പക്ഷപാതിത്വം കാണിക്കയുമരുത്.

**ജമാഅത്തുഭാരവാഹികളോടൊപ്പം ചേർന്നിരിക്കുക. പ്രയാസങ്ങളുണ്ടാകുമ്പോൾ അവ പരിഹരിക്കുക. യുക്തിയോടുകൂടി പ്രവർത്തിക്കുക. അവിടെയുള്ള ആവശ്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളോടു പറയുക.**

## മുബല്ലിഗുമാർക്ക് സയ്യിദുനാ അമീറുൽമുഅ്മിനീന്റെ നിർദ്ദേശങ്ങളും സുവർണമായ ഉപദേശങ്ങളും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

**(2017 ആഗസ്ത് 6, ഞായറാഴ്ച)**

ജൽസാസാലാനയുടെ അവസരത്തിൽ വിവിധ രാജ്യങ്ങളിൽനിന്നു വന്ന സംഘങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കുന്നതിനോടൊപ്പം ആ രാജ്യങ്ങളിൽനിന്നു വരുന്ന അമീർമാരും, നാഷണൽ സ്വദ്ർമാരും മുബല്ലിഗ് ഇൻചാർജുമാരും, ജമാഅത്തിലെ മറ്റു ഭാരവാഹികളും ഹുദൂറുമായി ഓഫീസുപരമായ കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യവും കരസ്ഥമാക്കുന്നു. അവരുടെ ആ കൂടിക്കാഴ്ചകളിൽ വരും വർഷത്തേക്കുള്ള തബ്ലീഗ്-തർബിയ്യത്ത് പ്ലാനിംഗ്, മസ്ജിദുകൾ, മിഷൻഹൗസുകളുടെ നിർമാണങ്ങൾ, തങ്ങളുടെ രാജ്യത്തെ മറ്റു പദ്ധതികൾ വിവിധ കാര്യങ്ങളും മറ്റും സമർപ്പിച്ച് നിർദ്ദേശങ്ങളും കരസ്ഥമാക്കുന്നു.

ഇന്ന് ഈ പരിപാടിയനുസരിച്ച് ചില ജമാഅത്തു ഭാരവാഹികളും മുബല്ലിഗുമാരും ഹുദൂറുമായി ഓഫീസുപരമായ കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി രാവിലെ 10.30ന് ആരംഭിച്ചു.

☆ ഏറ്റവുമാദ്യം അബ്ദുല്ലാ ഡബ്ബാ സാഹിബ് (അമേരിക്കയിലെ മുറബ്ബി) ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. അദ്ദേഹം ഗാംബിയ(Gambia)ക്കാരനാണ്. 2015ൽ ജാമിഅ യു.കെയിൽനിന്ന് ശാഹിദ് ബിരുദമെടുത്ത് വന്നയാളാണ്. അദ്ദേഹത്തെ അമേരിക്കയിലാണ് നിയമിച്ചിട്ടുള്ളത്. അദ്ദേഹം ഗാംബിയായിൽനിന്ന് നേരിട്ട് അമേരിക്കയിലേക്കു പോയി. ഈ വർഷം യു.കെ ജൽസയിൽ പങ്കെടുക്കാൻ അമേരിക്കയിൽനിന്നു വന്നതാണ്. അദ്ദേഹം അമേരിക്കയിലെ തന്റെ ജോലികളും പരിപാടികളും സംബന്ധിച്ച് നിർദേശങ്ങൾ കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ഈ കൂടിക്കാഴ്ച 10.50വരെ തുടർന്നു.

☆ അതിനുശേഷം കബാബീറിലെ അമീർ കൂടിക്കാഴ്ച നടത്തി. അമീർ സാഹിബ് എം.ടി.എ അൽഅറേബ്യയിൽ സംപ്രേഷണം ചെയ്യുന്ന അറബി പരിപാടികളേയും അൽഹവാറുൽ മുബാശിർ പ്രോഗ്രാമിനേയും സംബന്ധിച്ച് ഹുദൂറിൽനിന്ന് മാർഗനിർദ്ദേശം നേടി. ഭാവിയിലെ പരിപാടികളെ സംബന്ധിച്ച് തങ്ങളുടെ പ്രവർത്തന രൂപരേഖ സമർപ്പിച്ചു.

☆ അതിനുശേഷം ഡന്മാർക്ക് അമീർ സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഡന്മാർക്ക് ജമാഅത്തിന്റെ വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് നിർദേശങ്ങൾ കരസ്ഥമാക്കി. ഡന്മാർക്ക് അമീർ സാഹിബ് പറഞ്ഞു: ഈയിടെയായി മീഡിയാകളിൽ സ്വവർഗരതിയെ സംബന്ധിച്ച് ധാരാളം ചോദ്യങ്ങൾ ഉണ്ടാകുന്നു. ഈ ചോദ്യങ്ങൾക്ക് മറുപടികൾ നല്കുമ്പോൾ ആ മറുപടി വളച്ചൊടിച്ച് തങ്ങളുടെ ഉദ്ദേശ്യത്തിനനുകൂലമാക്കി പ്രസിദ്ധീകരിക്കുന്നു. അവർക്കെങ്ങനെയാണ് മറുപടി നല്കേണ്ടത്? ഹദൂർ പറഞ്ഞു: 'ഞാനൊരു റിലീജിയസ് മിനിസ്റ്റർ ആണെന്ന് താങ്കൾ പറയേണ്ടതാണ്. എന്റെ മതപരമായ അധ്യാപനമനുസരിച്ചും എന്റെ മതഗ്രന്ഥമനുസരിച്ചുമാണ് ഞാൻ മറുപടി പറയേണ്ടത്; വിശുദ്ധഖുർആൻ സ്വവർഗരതി അനുവദിക്കുന്നില്ല. വിശുദ്ധഖുർആൻ മാത്രമല്ല ബൈബിളിന്റെ അധ്യാപനവും അതിനെതിരാണ്. ബൈബിളും അതംഗീകരിക്കുന്നില്ല. ശിക്ഷയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഹദ്റത്ത് ലൂത്ത് നബിയുടെ ജനതക്ക് ഒരു സാമൂഹികവും ആചാരപരവുമായ തിന്മ കാരണത്താൽ അല്ലാഹുവിൽനിന്ന് ശിക്ഷ ലഭിക്കുകയുണ്ടായി.

☆ അതിനുശേഷം സയ്യിദ് അഹ്മദ് യഹ്യാ സാഹിബ് (ചെയർമാൻ ഹ്യൂമാനിറ്റി ഫസ്റ്റ്, യു.കെ) ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹ്യൂമാനിറ്റി ഫസ്റ്റിനെ സംബന്ധിച്ച് വിവിധ പദ്ധതികളും കാര്യങ്ങളും അവതരിപ്പിച്ച് നിർദേശങ്ങൾ കരസ്ഥമാക്കി. ഹ്യൂമാനിറ്റി ഫസ്റ്റ് കഴിഞ്ഞ 23 വർഷമായി മാനവസമൂഹത്തിന്റെ സേവനത്തിൽ നിരതരാണ്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ 52 രാഷ്ട്രങ്ങളിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞിരിക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് ഇംഗ്ലണ്ടിനു പുറമെ, അമേരിക്കയിലും കനഡയിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും അസാധാരണമായ സേവനങ്ങളാണ് ചെയ്തുവരുന്നത്. ഈ നാലു രാജ്യങ്ങളിലേയും ഹ്യൂമാനിറ്റി ഫസ്റ്റ് സംഘടനകൾ ഹുദൂറിൽനിന്ന് നിർദേശങ്ങൾ കരസ്ഥമാക്കി വിപുലമായ രീതിയിൽ നിരാശ്രയരേയും അഭയാർഥികളേയും ദരിദ്രരേയും സഹായിച്ചു. കഴിഞ്ഞ ഒരുവർഷത്തിൽ മാത്രം 18 രാജ്യങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങളിലും ആഭ്യന്തരയുദ്ധങ്ങളിലും പെട്ട 73,636 പേരെ സഹായിച്ചു. അവർക്ക് ഭക്ഷണപാനീയ സാധനങ്ങളും, മരുന്നുകളും, ഷെൽട്ടർ തുടങ്ങിയവയും ലഭ്യമാക്കി. ഇപ്രകാരംതന്നെ ഹെയ്റ്റിയിലുണ്ടായ വെള്ളപ്പൊക്കം, ഇക്വഡോറിലുണ്ടായ ഭൂകമ്പം, വരൾച്ച, കിഴക്കൻ ആഫ്രിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലുണ്ടായ ഭൂകമ്പം, സിറിയയിലെ ആഭ്യന്തരയുദ്ധം, യുഎസ്.എയിലെ ഫ്ലണ്ട് വാട്ടർ ക്രൈസസ്, ഭാരതത്തിലെ ബീഹാറിലുണ്ടായ വെള്ളപ്പൊക്കം, നൈജീരിയായിലേയും കാമറോണിലേയും ഐഡിപിഎസിലും വിവിധ രാജ്യങ്ങളിലെ അഭയാർഥികൾക്കും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. മൊത്തത്തിൽ നടപ്പുവർഷം 2,63,076 നിരാശ്രയർക്കും ഭവനരഹിതർക്കും ഭക്ഷണവും മറ്റു അവശ്യവസ്തുക്കളും എത്തിച്ചുകൊടുത്തു.

Water for Life സ്കീം അനുസരിച്ച് ഇതുവരെ 2,540 വാട്ടർ പമ്പ് ഘടിപ്പിച്ചുനല്കിക്കഴിഞ്ഞു. അതിലൂടെ 3.8 മില്യൺ ആളുകൾ പ്രയോജനമെടുത്തുകൊണ്ടിരിക്കുന്നു. Knowledge for life സ്കീം അനുസരിച്ച് ഹ്യൂമാനിറ്റി ഫസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽ 22 സ്കൂളുകൾ നടത്തിവരുന്നുണ്ട്. അവയ്ക്കു പുറമെ നൈജർ, മാലി, ടോഗോ എന്നിവിടങ്ങളിൽ സ്കൂൾ നിർമാണത്തിലാണ്. ഇപ്രകാരം 28 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ നടത്തിവരുന്നു. ഈ 50 സ്ഥാപനങ്ങളിൽനിന്ന് നടപ്പുവർഷം 68,117 ആളുകൾ ഫലമെടുത്തുകൊണ്ടിരിക്കുന്നു. ഉർദനിലും സിറിയൻ കുട്ടികൾക്കുവേണ്ടി മൂന്നുവർഷമായി വിദ്യാഭ്യാസ പ്രൊജക്ടുകൾ തുടർന്നുവരുന്നു. ഗിഫ്റ്റ് ഫോർ സൈറ്റ് സ്കീം അനുസരിച്ച് ഹുദൂറിന്റെ നിർദേശങ്ങളുടെ വെളി

ച്ചത്തിൽ ഇതുവരെ മൊത്തം 16,665 ഓപ്പറേഷനുകൾ നടന്നുകഴിഞ്ഞു. ഇതിനുപുറമെ ഈ വർഷം 54,000 പേർക്ക് ചികിത്സകൾ ലഭ്യമാക്കി. ഇതിൽ സൗജന്യ ഓപ്പറേഷനുകളും പെടുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് ഗ്വാട്ടിമാലയിൽ ദരിദ്ര ജനങ്ങളെ സേവിക്കുന്നതിന് ഒരു ഹോസ്പിറ്റൽ സ്ഥാപിക്കാൻ അനുവാദം നല്കിയിരുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് അമേരിക്ക 22 ബെഡുകൾ അടങ്ങിയ ഒരു വലിയ ആശുപത്രി നിർമിച്ചുകൊണ്ടിരിക്കുകയാണ്. ഹുദൂർ ഈ ആശുപത്രിയുടെ പേര് 'നാസിർ ഹോസ്പിറ്റൽ' എന്നു വെച്ചിരിക്കുന്നു. ഇതിനുപുറമെ സെനഗൽ(Senegal), യുഗാണ്ട, ടോഗോ, ഇന്തൊനേഷ്യാ, ഐവറി കോസ്റ്റിലും ഹോസ്പിറ്റലുകളും ക്ലിനിക്കുകളും തുറക്കാൻ പദ്ധതിയുണ്ട്. ഹ്യൂമാനിറ്റിഫസ്റ്റിനു കീഴിൽ വിവിധ രാജ്യങ്ങളിൽ ഫുഡ് ബേങ്കുകളും, സ്റ്റോറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവ മുഖേന നടപ്പുവർഷം മൊത്തം അറുപതിനായിരത്തിലധികം നിരാശ്രയർക്ക് ഭക്ഷണം ലഭ്യമാക്കി.

☆ അതിനുശേഷം മൊറേഷ്യസിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂർ മാർഗനിർദേശം നല്കിക്കൊണ്ടു പറഞ്ഞു: മുറബ്ബിമാർ സ്വയം തങ്ങളുടെ വാല്യൂ ഉണ്ടാക്കേണ്ടതാണ്. വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ എന്തു പ്രോഗ്രാമുണ്ടാക്കിയാലും അവയ്ക്ക് കൃത്യമായ വാർഷിക കലണ്ടർ ഉണ്ടാവേണ്ടതാണ്. ഏതെല്ലാം പരിപാടികൾ എപ്പോഴാണെന്നും ഏതു പരിപാടിയിലാണ് തങ്ങൾ പങ്കെടുക്കേണ്ടതെന്നും മുബല്ലിഗുമാർ അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ നിങ്ങളുടെ മസ്ജിദുകളും സെന്ററുകളും അഞ്ചുനമസ്കാരത്തിനും തുറന്നിരിക്കേണ്ടതാണ്. ഇതിന് സ്ഥിരമായ ഏർപാടുണ്ടായിരിക്കണം.'

ഹുദൂർ പറഞ്ഞു: 'തർബിയ്യത്തുപരമായ എന്ത് ഇഷ്യൂസ് ഉണ്ടായാലും അവ സംബന്ധമായി സെക്രട്ടറി തർബിയ്യത്തുമായി ബന്ധപ്പെടണം. അവരുമായി ചേർന്ന് ജമാഅത്തംഗങ്ങളുടെ തർബിയ്യത്തുമായി ബന്ധപ്പെട്ട് പ്രോഗ്രാമുണ്ടാക്കുക. ഫലമുണ്ടാക്കിക്കാണിക്കേണ്ടത് മുബല്ലിഗുമാരുടെ ജോലിയാണ്. നിങ്ങൾ തബ്ലീഗും തർബിയ്യത്തും ചെയ്യേണ്ടതാണ്. എങ്ങനെ ചെയ്യണം, അത് നിങ്ങളുടെ ജോലിയാണ്. അവസ്ഥകൾ മുന്നിൽവെച്ചുകൊണ്ട് പ്രോഗ്രാമുകൾ ഉണ്ടാക്കുക.'

ഹുദൂർ പറഞ്ഞു: 'രണ്ട് കുടുംബങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കേണ്ടി വരുമ്പോൾ അവരുടെ വഴക്ക് പരിഹരിക്കുന്നതിന് ആരുടേയും പക്ഷം ചേരാൻ പാടില്ല. പക്ഷപാതിത്വം കാണിക്കരുത്. ഒരു വീട്ടിൽനിന്ന്, ഒരു ഭാഗത്തുനിന്ന്, ചായ കുടിക്കരുത്. ഭക്ഷണം കഴിക്കരുത്. അങ്ങനെയായാൽ പക്ഷപാതം കാണിച്ചുവെന്ന ആരോപണമുണ്ടാകും.'

ഹുദൂർ പറഞ്ഞു: 'ജമാഅത്തിന്റെ ഭാരവാഹികൾ അവരോടൊപ്പം ഇരിക്കേണ്ടതാണ്. എന്തു ബുദ്ധിമുട്ടുകളാണെങ്കിലും അവയ്ക്ക് പരിഹാരം കാണുക. യുക്തിപൂർവം പെരുമാറുക. അവിടെ എന്താണോ ആവശ്യം അത് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുക.'

☆ അതിനുശേഷം പരിപാടിയനുസരിച്ച് ആസ്ത്രേലിയ അഹ്മദിയ്യാ ജമാഅത്തിന്റെ അമീർ സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അമീർ സാഹിബ് സിഡ്നിയിൽ ജമാഅത്തിന്റെ കേന്ദ്ര സെന്ററും മസ്ജിദിനോടു ചേർന്ന സ്ഥലത്ത് മസ്റൂർ ഗസ്റ്റുഹൗസും നിർമിക്കുന്നതിനുള്ള പ്ലാനിംഗ് പ്രോഗ്രാം അവതരിപ്പിച്ച് നിർദേശങ്ങൾ സ്വീകരിച്ചു.

ഹുദൂർ തന്റെ ആസ്ത്രേലിയൻ പര്യടനവേളയിൽ ബലിപ്പെരുന്നാൾ ദിവസം 2013 ഒക്ടോബർ 16 ന് ഈ ഗസ്റ്റുഹൗസിന് അടിത്തറയിട്ടതാണ്. ഹുദൂർ പറഞ്ഞു: 'നിങ്ങൾ ഈ ഗസ്റ്റുഹൗസ് നിങ്ങളുടെ ജമാഅത്തിന്റെ ചെലവിൽ നിർമിക്കേണ്ടതാണ്.'

സിഡ്നി നഗരത്തോടു ചേർന്നുള്ള പ്രദേശത്ത് ജമാഅത്തിന്റെ സെന്ററും മസ്ജിദ് ബയ്ത്തുൽ ഹുദായും ഒരു വിശാലമായ സ്ഥലത്താണുള്ളത്. അമീർ സാഹിബിന് നിർദേശം നല്കിക്കൊണ്ടു ഹുദൂർ പറഞ്ഞു: നിങ്ങളുടെ കൈയിൽ വലിയൊരു സ്ഥലം വെറുതെ കിടപ്പുണ്ട്. നിങ്ങൾ അവിടെ പ്ലാൻ ചെയ്ത് ഒരു സ്ഥലം പ്രത്യേകപ്പെടുത്തി വീടുകളുണ്ടാക്കുക. ഇപ്രകാരം മസ്ജിദിന്നടുത്ത് അഹ്മദികൾ താമസിക്കുന്നതാണ്. ഒരു ഭാഗം 5, 7 ഏക്കർ വേർതിരിച്ച് അത് റസിഡൻഷ്യൽ ഏരിയ ആക്കുക. സർക്കാറിന്റെ ബന്ധപ്പെട്ട വകുപ്പുമായി സംസാരിച്ച് അവിടം റസിഡൻഷ്യൽ ഏരിയ ആക്കിമാറ്റാൻ ശ്രമിക്കുക. ഇങ്ങനെ നിങ്ങൾക്ക് അവിടെ 30,40 വീടുണ്ടാക്കാൻ കഴിയുന്നതാണ്. നിങ്ങൾക്ക് ശ്രമിച്ച് നടപ്പിൽ വരുത്താൻ കഴിയുകയാണെങ്കിൽ അങ്ങനെ ചെയ്യുക. ഇങ്ങനെ ആളുകൾ മസ്ജിദിനോടു ചേർന്ന് താമസം തുടങ്ങുന്നതാണ്. അങ്ങനെ മസ്ജിദും ജനവാസമുള്ളതാകും. ആ വീടുകളിൽ പോകാനും വരാനുമുള്ള വഴി വേറിട്ടതായിരിക്കണം. മറ്റു ഓഫീസുകൾ തുടങ്ങിയവ നിങ്ങൾ ഇഷ്ടപ്പെടുന്നിടത്ത് നിർമിക്കുക.'

ഹുദൂർ പറഞ്ഞു: തദ്ദേശ ആർക്കിടെക്റ്റുകളെ involve ചെയ്യുക. തദ്ദേശ ആർക്കിടെക്റ്റുകളെ വെക്കുന്നതുകൊണ്ടുള്ള ഗുണം ചില ഘട്ടങ്ങളിൽ കൗൺസിലിൽനിന്ന് അല്ലെങ്കിൽ മറ്റു വകുപ്പുകളിൽനിന്ന് അവർതന്നെ അനുവാദം വാങ്ങുകയും വേണ്ടതൊക്കെ ചെയ്യുകയും ചെയ്യുന്നതായിരിക്കും.

Canberraയിൽ മസ്ജിദ് നിർമിക്കുന്നതിനെ സംബന്ധിച്ചും ഹദൂർ ചില സംഘടനാപരമായ നിർദേശങ്ങൾ അമീർ സാഹിബിന് നല്കുകയുണ്ടായി. ഹുദൂർ പറഞ്ഞു: 'നിർമാണത്തിനുവേണ്ടിവരുന്ന കൃത്യസമയത്തിനുള്ളിൽ പ്രവർത്തനം തുടങ്ങുകയാണെങ്കിൽ പിന്നീടുനി ർമാണം പൂർത്തിയാകുന്നതുവരെ വിപുലമായി നടക്കുന്നതാണ്.' ഹുദൂർ പറഞ്ഞു: 'ഇവിടെത്തെ മസ്ജിദും നിങ്ങളുടെ ചെലവിൽ നിർമിക്കേണ്ടതാണ്. വിവിധ Phases കളിൽ നിർമിക്കുന്നതിനും തടസമൊന്നുമില്ല. പക്ഷേ, നിങ്ങളുടെ Sources കൊണ്ടുതന്നെ നിർമിക്കേണ്ടതാണ്.' ഹുദൂർ പറഞ്ഞു: 'സകല പദ്ധതികളും നിങ്ങളുടെ ആമിലായിൽ വെക്കുക. പിന്നീട് അത് വിവിധ Phases കളിൽ നിർമിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുക. അതിനു ശേഷം നിർമാണം തുടങ്ങുക.

☆ അതുകഴിഞ്ഞ് Jamaica മുബല്ലിഗ് ഇൻചാർജ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.മുബല്ലിഗ് ഇൻചാർജ് സാഹിബ് പറഞ്ഞു: ജമൈക്കായിൽനിന്ന് ജൽസാസാലാനയിൽ വന്ന സംഘത്തിൽ ജേർണലിസ്റ്റുണ്ടായിരുന്നു. അദ്ദേഹം തിരിച്ചുപോയി ജമൈക്കായിൽ ജൽസസാലാനയെ സംബന്ധിച്ച് കവറേജ് നല്കി. പത്രങ്ങളിൽ നല്ല ആർട്ടിക്കുകൾ പ്രസിദ്ധീകരച്ചു. ഇപ്രകാരം തന്നെ അദ്ദേഹം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയും നിർമിച്ചിരുന്നു.

മുബല്ലിഗ് ഇൻചാർജ് സാഹിബ് പറഞ്ഞു: മസ്ജിദിന്റെ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ ദരിദ്രരാണ് താമസിക്കുന്നത്. അപ്പോൾ ഹുദൂർ പറഞ്ഞു: 'പെരുന്നാൾ തുടങ്ങിയ അവസരങ്ങളിൽ അവരെ സഹായിക്കുക.' ഹുദൂർ പറഞ്ഞു: 'ജമൈക്കക്കാർ സ്വഭാവത്തിൽ കടുപ്പമുള്ളവരാണ്. ഇവിടെ യു.കെയിൽ അവർ അഹ്മദികളായപ്പോൾ അവരിൽ മാറ്റമുണ്ടായി. പിന്നീടു തബ്ലീഗു ചെയ്യുന്നവരും ഇക്കൂട്ടരാണ്. തബ്ലീഗിൽ തീവ്രതയുള്ളവരാണ്.' ക്രിസ്ത്യാനികളിൽ തബ്ലീഗു ചെയ്യുന്നതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'അവരിൽ യുക്തിപൂർവം തബ്ലീഗു ചെയ്യേണ്ടതാണ്. ക്രിസ്ത്യാനികളുടെ നേതാക്കന്മാരെ ക്ഷണിക്കുക. അവരുമായി സംസാരിക്കുക. മീറ്റിംഗുകൾ നടത്തുക. അവരുമായി മതകാര്യങ്ങൾ discussion ചെയ്യേണ്ടതാണ്.

മുബല്ലിഗ് ഇൻചാർജ് സാഹിബ് ജമൈക്ക കൂടുതൽ മുബല്ലിഗുമാരെ അയച്ചുതരണമെന്ന് അപേക്ഷിച്ചു. ഹുദൂർ പറഞ്ഞു: 'അടുത്തവർഷം പഠനം പൂർത്തിയാക്കി കുട്ടികളിറങ്ങുമ്പോൾ ഇതു പരിഗണിക്കുന്നതാണ്.'

ഹുദൂർ നിർദേശം നല്കിക്കൊണ്ടു പറഞ്ഞു:നിങ്ങൾ അവിടെ ഹോമിയോ ക്ലിനിക്കുകൾ തുടങ്ങുക. പ്രൈമറി സ്കൂളുകൾ തുറക്കുക. ഹോമിയോ ക്ലിനിക്കിന്റേയും പ്രൈമറി സ്കൂളുകളുടേയും സ്ഥാപനത്തെ സംബന്ധിച്ച് പരിശോധിച്ച് നിങ്ങളുടെ പ്രോഗ്രാമുണ്ടാക്കി അയക്കുക.'

അദ്ദേഹം പറഞ്ഞു: ഞങ്ങൾക്ക് Kingston നഗരത്തിൽ ജമാഅത്ത് സെന്ററിന്റെ ആവശ്യമുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: 'എല്ലാം പരിശോധിച്ച് നിങ്ങളുടെ റിപ്പോർട്ട് അയക്കുക.'

നവ അഹ്മദികളുടെ വിദ്യാഭ്യാസവും ശിക്ഷണവും സംബന്ധിച്ച് ഹുദൂർ പറഞ്ഞു:'എല്ലാ നവഅഹ്മദികളേയും സൂറ ഫാത്തിഹ പഠിപ്പിക്കുക. അമേരിക്കയിൽനിന്നും കനഡയിൽനിന്നും ഖുദ്ദാമും അൻസാറും വഖ്ഫെ ആർസയിൽ അവിടെപോയി നവഅഹ്മദികളെ പഠിപ്പിക്കുക.

ദരിദ്രരെ സഹായിക്കുന്നതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'വിവിധ സാധനങ്ങൾ നല്കി അവരെ സഹായിക്കുക. പണം കൊടുക്കുന്നതിനുപകരം വസ്ത്രങ്ങൾ നല്കുക. അല്ലെങ്കിൽ ഭക്ഷണപാനീയങ്ങൾ ലഭ്യമാക്കുക.'

ഹുദൂർ പറഞ്ഞു: 'ജമൈക്കയിൽ ജമാഅത്ത് രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ ജമാഅത്ത് ഇപ്പോൾ പ്രാരംഭ സ്റ്റേജിലാണുള്ളത്. ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. പക്ഷേ, നിങ്ങൾ എങ്ങനെയാണെങ്കിലും ഈ ബുദ്ധിമുട്ടുകളിൽനിന്ന് പുറത്തുവരേണ്ടതാണ്. യുക്തിപൂ

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

ർവം പണിയെടുത്തുകൊണ്ടിരിക്കുക. ദുആകളും ചെയ്തുകൊണ്ടിരിക്കുക.

ഹുദൂർ പറഞ്ഞു: 'നിങ്ങളുടെ Public relations വർധിപ്പിക്കുക. മിനിസ്റ്റേഴ്സ്, പാർലമെന്റംഗങ്ങൾ, പോലീസ് കമ്മീഷണർമാർ, കൗൺസിലേഴ്സ്, മേയർമാർ, മറ്റു ഭരണകർത്താക്കാൾ, വിദ്യാസമ്പന്നരായ ആളുകൾ തുടങ്ങിയവരുമായി ബന്ധം വെക്കുക. ചില പ്രത്യേക അവസരങ്ങൾ ഉണ്ടാകാറുണ്ട്. പരിപാടികൾ ഉണ്ടാകാറുണ്ട്. അവയിൽ അത്തരക്കാരെ ക്ഷണിക്കുക. അവരുമായി ബന്ധം സ്ഥാപിക്കുക. ബന്ധങ്ങൾ വർധിപ്പിക്കുക. പെരുന്നാൾ അവസരങ്ങളിൽ പ്രോഗ്രാം സംഘടിപ്പിക്കുക. അതിൽ അവരെ ക്ഷണിക്കുക. ഇതുപോലെ തന്നെ നവവത്സരാഘോഷങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിലും മറ്റു അവസരങ്ങളിലും ഉപഹാരങ്ങൾ തുടങ്ങിയവ കൊടുത്തയക്കുക. പൊതുജനങ്ങളുമായുള്ള നിങ്ങളുടെ സമ്പർക്കം നല്ലതായിരിക്കേണ്ടതാണ്.

അതിനുശേഷം ഈജിപ്ത് ജമാഅത്തിന്റെ സ്വദ്ർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. സ്വദ്ർ സാഹിബ് വിവിധ കാര്യങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ അവതരിപ്പിച്ച് ചില സംഘടനാപരമായി നിർദേശങ്ങൾ വാങ്ങി. ചില വിദ്യാർഥികളുടെ വിദ്യാഭ്യാസ ചെലവുകളും ഇപ്രകാരംതന്നെ ദരിദ്രജനങ്ങളെ സഹായിക്കലും സംബന്ധിച്ച് ഹുദൂർ നിർദേശങ്ങൾ നല്കി. ഹുദൂർ പറഞ്ഞു: Law of the Landഅനുസരിച്ച് എന്തൊന്നാണോ ചെയ്യാൻ കഴിയുന്നത് ചെയ്യുക. എന്തൊരു സേവനമാണോ ചെയ്യാൻ കഴിയുന്നത് ചെയ്യുക. ചാരിറ്റികളേയും സഹായിക്കുക. അതുപോലെതന്നെ ഹൃദയം ഇണക്കപ്പെട്ടവരേയും ഗൗനിക്കുക.'

അതിനുശേഷം ഹുദൂർ രണ്ടു മണിക്ക് മസ്ജിദ് ഫള്‌ലിലെത്തി ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

☆ ഇന്ന് പാൻ അമേരിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ(PAAMA) ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നു ജൽസസാലാനയിൽ പങ്കെടുക്കാനെത്തിയ കേന്ദ്രപ്രതിനിധികളെ ആദരിച്ചുകൊണ്ട് ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. കേന്ദ്രഗസ്റ്റുഹൗസുകളുടെ പിന്നിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിലാണ് ഈ പരിപാടി നടന്നത്. ഇതിൽ ഖാദിയാൻ, റബ്‌വ എന്നീ സ്ഥലങ്ങളിൽനിന്നെത്തിയ എല്ലാ കേന്ദ്രപ്രതിനിധികളും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് പങ്കെടുത്ത എല്ലാ അതിഥികളും ലോകത്തിലെ മറ്റു രാജ്യങ്ങളിൽനിന്ന് വന്ന അമീർമാരും നാഷണൽ സ്വദ്ർമാരും മുബല്ലിഗുമാരും മറ്റു ജമാഅത്ത് ഭാരവാഹികളും പങ്കെടുത്തിരുന്നു.

പാൻ അമേരിക്കൻ സംഘടന രൂപീകരിച്ചത് 1986ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലത്ത് യു.കെയിലായിരുന്നു. അതിന്റെ ആദ്യ പ്രസിഡന്റ് അൽഹാജി ഇസ്മായീൽ ബി.കെ ആഡോ സാഹിബായിരുന്നു. അദ്ദേഹത്തിനുശേഷം 2009ൽ ഈസാ അഹ്മദ് വേമാ സാഹിബ് പ്രസിന്റായി തിരഞ്ഞെടുക്കപ്പെട്ടു. 2014 മുതൽ ടോമി കാഹ്ലൂൺ സാഹിബ് പാൻ ആഫ്രിക്കൻ പ്രസിഡന്റ് എന്ന നിലയിൽ സേവനം ചെയ്തു. അപ്പോൾ അതിലെ അംഗങ്ങളുടെ എണ്ണം 1001 ആയിരുന്നു.

ഈ സംഘടനയുടെ ഉദ്ദേശ്യം ആഫ്രിക്കൻ അഹ്മദികളെ ഒരു കൊടിക്കീഴിൽ സംഘടിപ്പിച്ച് ജമാഅത്തുമായി അവർക്ക് സുദൃഢബന്ധമുണ്ടാക്കുക എന്നതാണ്; ഇവർ ഭാവിയിൽ ഇസ്‌ലാമിനും സമൂഹത്തിനും ആഫ്രിക്കക്കും ശരിയായ നിലയിൽ സേവനം ചെയ്യുന്നതിനുവേണ്ടി. ഇപ്രകാരംതന്നെ ഈ സംഘടന വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന ആഫ്രിക്കൻ അഹ്മദികളെ പരസ്പരം അഭിപ്രായവിനിമയം നടത്തുന്നതിന് ഒരു പ്ലാറ്റ്ഫോമും ലഭ്യമാക്കുന്നു. ഈ സംഘടന അതിന്റെ അംഗങ്ങളുടെ ധാർമികവും വിദ്യാഭ്യാസപരവും സാമൂഹികവുമായ അവസ്ഥ നന്നാക്കുന്നതിനും ശ്രമിച്ചു വരുന്നു. അംഗങ്ങളിൽ സാഹോദര്യബന്ധം വർധിപ്പിക്കുന്നതിനുവേണ്ടുന്ന പരിപാടികളും സംഘടിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ് ഇതിന്റെ പ്രവർത്തന രൂപരേഖ. പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ യൂ.കെ, യൂ.കെ ജൽസസാലാനയുടെ അവസരത്തിൽ ഒരു പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഇതിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ അമീർമാർ, അവരവരുടെ രാജ്യത്ത് നടക്കുന്ന ജമാഅത്തിന്റെ പുരോഗതിയെ കുറിച്ച് അറിയിക്കുന്നു. ഈ സംഘടനയ്ക്ക് ആഫ്രിക്കയിൽ മസ്ജിദുകൾ നിർമിക്കുന്നതിനും തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ സംഘടനമുഖേന ബെനിനിലും ബുർക്കിനോ ഫാസോയിലും മസ്ജിദുകൾ നിർമിച്ചു കഴിഞ്ഞിരിക്കുന്നു. പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ സംഘടിപ്പിച്ച ഈ പരിപാടിയുടെ അവസരത്തിൽ ഹുദൂറിന്റെ അനുമതിയോടെ ബഹുമാനപ്പെട്ട മൗലാനാ അബ്ദുൽ വഹ്ഹാബ് ആദം സാഹിബിന്റെ പേരിൽ അസാധാരണമായ സേവനം കാഴ്ചവെക്കുന്ന ആഫ്രിക്കൻ മുബല്ലിഗുമാർക്കും വാഖ്ഫീനെ സിന്ദഗിക്കും 'അബ്ദുൽ വഹ്ഹാബ് ആദം അവാർഡ്' നല്കപ്പെടുന്നു. ഇപ്രകാരംതന്നെ ആഫ്രിക്കയിൽ അസാധാരണമായ സേവനം കാഴ്ചവയ്ക്കുന്ന ആഫ്രിക്കക്കാരല്ലാത്ത മുബല്ലിഗുമാർക്കും വാഖ്ഫീനെ സിന്ദഗിക്കും മൗലാനാ അബ്ദുർറഹീം നയ്യർ സാഹിബിന്റെ പേരിൽ 'അബ്ദുർറഹീം നയ്യർ അവാർഡും'നല്കപ്പെടുന്നു. (ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ സാഹിബ് (റ)ആഫ്രിക്കയിൽ നിയോഗിതനായ ആദ്യത്തെ മുബല്ലിഗായിരുന്നു). ഹുദൂർ അയ്യദഹുല്ലാഹ് ഈ പരിപാടിയിൽ തന്റെ അനുഗൃഹീത കരങ്ങൾകൊണ്ട് ഈ അവാർഡ് ദാനം നിർവഹിച്ചു.

ളുഹ്ർ അസ്ർ നമസ്കാരത്തിനുശേഷം ഹുദൂർ പന്തലിൽ വന്നു. പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ പ്രസിഡന്റിന്റെ ഹ്രസ്വമായ പരിചയപ്പെടുത്തലിനുശേഷം 2017-ൽ തിരഞ്ഞെടുക്കപ്പെട്ട മുബല്ലിഗുമാർക്കും വാഖ്ഫീനെ സിന്ദഗിമാർക്കും അവാർഡുകൾ വിതരണം ചെയ്യാൻ ഹുദൂറിനോടു അപേക്ഷിച്ചു. ഹുദൂർ അയ്യദഹുല്ലാഹ് മുഹമ്മദ് അലി കായിറെ സാഹിബിനും (അമീർ വ മുബല്ലിഗ് ഇൻചാർജ് യുഗാണ്ട), അബ്ദുൽഗനി ജഹാങ്കീർ ഖാൻ സാഹിബിനും (ഇൻചാർജ് ഫ്രഞ്ചു ഡസ്ക്), ഹാഫിള് ഇഹ്സാൻ സെക്കന്ദർ സാഹിബിനും(മുബ്ബലിഗ് ഇൻചാർജ് ബെൽജിയം)'അബ്ദുൽ വഹ്ഹാബ് ആദം അവാർഡ്'സമ്മാനിച്ചു. ഇനായത്തുല്ലാഹ് സാഹിദ് സാഹിബിനും(മുൻ മുബല്ലിഗ് ഗാമ്പിയ, യുഗാണ്ട, ഘാന)ബശീർ അഖ്തർസാഹിബിനും(മുൻ ഉസ്താദ് മജ്‌ലിസ് നുസ്‌റത്ത് ജഹാൻ സിയറ ലിയോൺ) മുഹമ്മദ് അക്റം ബാജ്‌വാ സാഹിബിനും (മുൻ അമീർ, മുബല്ലിഗ് ഇൻചാർജ് ലൈബീരിയ)'അബ്ദുർറഹീം നയ്യർ അവാർഡ്' നല്കി അനുഗ്രഹിച്ചു.

ഈ അവാർഡ് ദാന സ്കീമിന്റെ തുടക്കം ഹുദൂറിന്റെ അനുമതിയോടെ 2014 ലാണുണ്ടായത്. 2014 ൽ ഹുദൂർ മുഹമ്മദുബ്നു സ്വാലിഹ് സാഹിബിനും (അമീർ & മിഷണറി ഇൻചാർജ് ഘാന),അള്ഹർ ഹനീഫ് സാഹിബിനും(മുബല്ലിഗ് ഇൻചാർജ് അമേരിക്ക), ഇബ്റാഹീം ബിൻ യഅ്ഖൂബ് സാഹിബിനും(അമീർ & മുബല്ലിഗ് ഇൻചാർജ് ട്രെനിഡാഡ് & ടൊബാഗൊ), ഉബയ്ദി കലോന സാഹിബിനും (മുബല്ലിഗ് ടെൻസാനിയ)അബ്ദുൽ ഗഫ്ഫാർ സാഹിബിനും(മുബല്ലിഗ് യു.കെ)'അബ്ദുൽ വഹ്ഹാബ് ആദം അവാർഡ്' നല്കി അനുഗ്രഹിച്ചു. ഇതുപോലെതന്നെ 2015 ൽ ഹുദൂർ അയ്യദഹുല്ലാഹ് അബ്ദുർറശീദ് ഥാനീ സാഹിബിനും(മുബല്ലിഗ് നൈജീരിയ), ദിക്റുല്ലാഹ് തായോ അയ്യൂബാ സാഹിബിനും(മുബല്ലിഗ് നൈജീരിയ), ഉമർ മുആദ് Coulibalyസാഹിബിനും(മുബല്ലിഗ് മാലീ) 'അബ്ദുൽ വഹ്ഹാബ് ആദം അവാർഡ്' ഉം മുബാറക് അഹ്മദ് നദീർ സാഹിബിനും (മുൻ മുബല്ലിഗ് സിയറ ലിയോൺ), മഹ്മൂദ് നാസിർ ഥാഖിബ് സാഹിബിനും(അമീർ ജമാഅത്ത് ബുർക്കിനോ ഫാസോ), സഊദുർറഹ്മാൻ സാഹിബിനും (അമീർ ജമാഅത്ത് സിയറ ലിയോൺ), ത്വാഹിർ മഹ്മൂദ് സാഹിബിനും (അമീർ ജമാഅത്ത് ടെൻസാനിയ), അബ്ദുൽ ഖാലിഖ് നയ്യർ സാഹിബിനും (മുബല്ലിഗ് ഇൻചാർജ് കാമറോൺ)'അബ്ദുർറഹീം നയ്യർ അവാർഡ്' നല്കി അനുഗ്രഹിച്ചു. 2016ൽ ബഹുമാനപ്പെട്ട ഉഥ്മാൻ കമ്പാലായ സാഹിബും(മുബല്ലിഗ് ടെൻസാനിയ), യൂസുഫ് യാവോസൻ സാഹിബും(നാഇബ് അമീർ വ മുബല്ലിഗ് ഘാന), അബ്ദുല്ലാഹാ ജുമുഅ സാഹിബും(മുബല്ലിഗ് കെനിയ) 'അബ്ദുൽ വഹ്ഹാബ് ആദം അവാർഡ്' കരസ്ഥമാക്കി. ദാഊദ് ഹനീഫ് സാഹിബും(മുൻ അമീർ, മുബല്ലിഗ് ഇൻചാർജ് ഗാംബിയ, ഇപ്പോൾ മുബല്ലിഗ് അമേരിക്ക), മുനവ്വർ അഹ് മദ് ഖുർശീദ് സാഹിബും(മുൻ അമീർ, മുബല്ലിഗ് ഇൻചാർജ് ഗാംബിയ), ഖലീൽ അഹ്മദ് മുബശ്ശിർ സാഹിബും(മുൻ അമീർ, മുബല്ലിഗ് ഇൻചാർജ് സിയറ ലിയോൺ, ഇപ്പോൾ മുബല്ലിഗ് ഇൻചാർജ് കനഡ)'അബ്ദുർറഹീം നയ്യർ അവാർഡ്' കരസ്ഥമാക്കി.

അവാർഡുദാന പരിപാടിക്കുശേഷം അതിഥികൾ ഹുദൂറുമൊത്ത് ഭക്ഷണം കഴിക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി. ഭക്ഷണത്തിനുശേഷം

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

വിവിധ ആഫ്രിക്കൻ സംഘങ്ങൾ അവരവരുടേതായ ശൈലിയിൽ സംഘഗാനങ്ങൾ ആലപിച്ചു. അവസാനം ഹുദൂർ ദുആ ചെയ്യിച്ചു. ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

**വ്യക്തിപരവും കുടുംബപരവുമായിട്ടുള്ള കൂടിക്കാഴ്ച:**

പരിപാടി അനുസരിച്ച് വൈകുന്നേരം 5.15 ന് വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടക്കാഴ്ച നടത്താൻ തുടങ്ങി. ഇന്ന് 35 കുടുംബങ്ങളിൽനിന്നുള്ള 155 ആളുകൾക്കു പുറമെ 30 ആളുകൾ വ്യക്തിപരമായ നിലയിലും കൂടിക്കാഴ്ച നടത്തി. ഇങ്ങനെ മൊത്തം 185 ആളുകളാണ് കൂടക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ താഴെ പറയുന്ന രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. പാക്കിസ്താൻ, അമേരിക്ക, കനഡ, ആസ്ത്രേലിയ, നോർവെ, ദുബയ്, അബുദബി, യു.കെ, ഇന്ത്യ, ജർമനി, ബംഗ്ലാദേശ്, മസ്ക്കറ്റ്, ഘാന, ബുർക്കിനാ ഫാസോ, ഡന്മാർക്ക്, സ്യൂഡൻ, ഖത്തർ, ആസ്ത്രിയ, ബെൽജിയം, ടോഗോ, ലൈബീരിയ, സൗത്ത് ആഫ്രിക്ക, മൈക്രോനേഷ്യാ, ഗാംബിയ, യുഗാണ്ട, സ്വിറ്റ്സർലാന്റ്. ഇവരിൽ എല്ലാ ഓരോരുത്തരും തങ്ങളുടെ പ്രിയങ്കരനായ ഇമാമിനോടൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കരസ്ഥമാക്കി. ഹുദൂർ വിദ്യാർഥികൾക്ക് പേനകൾ നല്കി, കുട്ടികൾക്ക് ചോക്ലേറ്റും നല്കുകയുണ്ടായി.

കൂടിക്കാഴ്ചയുടെ ഈ പരിപാടി വൈകുന്നേരം 8.45 വരെ(ലണ്ടൻ ടൈം) നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്ലിലെത്തി മഗരിബ് ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

(തുടരും. 2018 ജനുവരി 25 ബദ്ർ വീക്കിലി)

## നഖം വളർത്തുന്ന ഫാഷൻ :

ഇത് ആദ്യം സ്ത്രീകളുടെ ഫാഷനായിരുന്നു. ഇപ്പോൾ ചില യുവാക്കളും ഈ രോഗത്തിന്നിരയായിക്കൊണ്ടിരിക്കുന്നു. അതിൽ അകപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ രോഗത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു:

“ഇതേപോലെ നഖം വളർത്തലും പ്രകൃതിയ്ക്ക് അനുയോജ്യമായിട്ടുള്ളതല്ല. മറിച്ച് സ്വയം തങ്ങൾ അപരിഷ്കൃതരാണെന്ന് സ്ഥാപിക്കലാണ്. ഇക്കാലത്ത് പാശ്ചാത്യരുടെ സ്വാധീനത്താൽ ഫാഷനബിൾ സ്ത്രീകളും നഖം വളർത്താൻ തുടങ്ങിയിരിക്കുന്നു. യൂറോപ്യൻ സ്ത്രീകൾ ഇതിൽ എത്രമാത്രം അതിരുകവിഞ്ഞിട്ടാണ് പ്രവർത്തിക്കുന്നതെന്നാൽ അര ഇഞ്ചോളം തങ്ങളുടെ നഖം നീട്ടിയാണ് വെക്കുന്നത്. പിന്നീട് ദിവസം മുഴുവൻ അതിന്റെ അഴുക്കു കളയാനും അത് വൃത്തിയാക്കാനും അതിന്മേൽ ചായം പൂശാനും നൈൽപോളിഷ് ചെയ്യാനും ചെലവഴിക്കുന്നു. എന്നാൽ, ഇത് വളരെ ആഴത്തിലായത് കൊണ്ട് അഴുക്ക് എളുപ്പത്തിൽ പുറത്ത് വരികയില്ല. അതിന്റെ ഫലമായി കുറച്ച് അഴുക്ക് പുറത്തെടുക്കുന്നു. ബാക്കിയുള്ളത് മറച്ചു വെക്കാനായി അതിനുമേൽ പോളിഷ് ചെയ്യുന്നു. നഖങ്ങളുടെ അഴുക്ക് കാരണത്താൽ കുറച്ചൊക്കെ ദുർഗന്ധവുമുണ്ടാകുന്നു. അതുകാരണം പിന്നീട് യൂഡിക്ലോൺ ഉപയോഗിക്കുന്നു. ചുരുക്കത്തിൽ അവർ തങ്ങളുടെ ആയുസ്സിന്റെ വലിയൊരു ഭാഗം ചെലവഴിക്കുന്നത് നഖം വൃത്തിയാക്കാൻ മാത്രമാണ്. ഇങ്ങനെ തങ്ങളുടെ ജീവിതത്തെ അവർ നശിപ്പിച്ചു കളയുന്നു. ഇത്തരത്തിലുള്ള കാര്യങ്ങളിൽ മറ്റുള്ളവരെ അനുകരിക്കുകയെന്നത് തികച്ചും പാശ്ചാത്യതയാണ്. പാശ്ചാത്യരീതിയെ അനുകരിക്കരുതെന്ന് നാം പറയുമ്പോൾ അത് കൊണ്ടുദ്ദേശിക്കുന്നത്, തങ്ങളുടെ സമയം ബാഹ്യമായ ശരീരത്തെ വൃത്തിയാക്കുന്നതിനും അതിനെ ഭംഗിയുള്ളതാക്കിവെക്കുന്നതിനും ഇത്രയധികം സമയം ചെലവഴിക്കരുതെന്നാണ്. അതിന്റെ ഫലമായി മറ്റുള്ള പ്രവൃത്തികളിൽ തടസ്സം നേരിടുകയും നിങ്ങൾ ദീനി പ്രവർത്തനത്തിൽ ഭാഗഭാക്കാവുന്നതിൽ തടയ പ്പെട്ടവരായി തീരുന്നതുമാണ്.

(മശ്അലെ റാഹ് വാല്യം: 1, പേജ് 341,342)

# ഇസ്‌ലാമിന്റെ ആഗമനം ഇൻഡ്യയിൽ

മഹാപണ്ഡിതനായ ശിശിർകുമാർ മിത്ര ‘വിഷൻ ഓഫ് ഇൻഡ്യാ’ എന്ന പുസ്തകത്തിൽ പറയുന്നു: “മുസ്‌ലീംകളുടെ ഇൻഡ്യയിലേക്കുള്ള ആഗമനം 8-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടായ അറബികളുടെ സിന്ധ് ആക്രമണവുമായിട്ടാണ് പൊതുവെ ബന്ധപ്പെടുത്തുന്നത്. എന്നാൽ, കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാര ബന്ധത്തിൽ ഇസ്‌ലാം അവിടെ ഉത്ഭവിക്കുന്നതിനുമുമ്പേതന്നെ പുരാതന അറബികൾ വഹിച്ച പങ്ക് അവരെ ഇൻഡ്യയിൽ എത്തിച്ചു. ഈ അറബികൾ ചൊൗൾ, കല്യാൺ, സുപാറ എന്നിവിടങ്ങളിൽ വാസമുറപ്പിച്ചതായി പറയപ്പെടുന്നു. ഏറിയകാലം അവർ മലബാർ തീരത്ത് സ്വാധീനം ചെലുത്തി. സാംസ്കാരികം എന്നതിനെക്കാൾ വണിജ്യപരമായിരുന്ന ഈ പഴയബന്ധത്തെ ഇസ്‌ലാമിന്റെ ഉദയം നവീകരിക്കുകയുണ്ടായി. മുസ്‌ലീംകൾക്കുമുമ്പേ അറേബ്യയിൽ പ്രചാരപ്പെട്ടിരുന്ന സാബിയൻമതം മലബാർ തീരത്തെ ജനങ്ങളിൽ ഒരളവോളം സ്വാധീനം ചെലുത്തിയിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. ഇസ്‌ലാംമതം പുതിയ സാധ്യതകൾ വെട്ടിത്തുറക്കുകയും, ഖലീഫമാരുടെ ചിന്താഗതികളിലേക്ക് ഇൻഡ്യാ പ്രവേശിച്ചു തുടങ്ങുകയും ചെയ്തു. ഇൻഡ്യയിൽ എന്താണ് കണ്ടതെന്ന് ഖലീഫ ഉമർ ചോദിച്ചപ്പോൾ ഒരു അറബി നാവികൻ പറഞ്ഞു: ‘ഇൻഡ്യയിലെ നദികൾ വൈരക്കല്ലുകളാണ്, മലകൾ വൈഡൂര്യങ്ങളാണ്, മരങ്ങൾ സുഗന്ധങ്ങളാണ്. എന്നാൽ, ഇസ്‌ലാമിന്റെ അനുയായികൾ മറ്റുള്ളവരെപ്പോലെ ആ രാജ്യത്ത് മത പ്രചാരണത്തിന് പൂർണ സ്വാതന്ത്ര്യം അനുഭവിക്കുന്നു എന്ന് മനസ്സിലാക്കിയിരുന്നതിനാൽ ഉമർ ഇൻഡ്യയുടെ നേരെ ആക്രമണം നടത്തുന്നതിനോട് യോജിച്ചില്ല. ഇന്ത്യയുടെ നേരെ കടൽമാർഗം ആക്രമണം നടത്തളാനുള്ള എല്ലാ നിർദ്ദേശങ്ങളും ഉമർ തള്ളിക്കളയുകയുണ്ടായി എന്നതാണ് നേര്.

“എന്നിരുന്നാലും മുസ്‌ലിം അറബികൾ ഇൻഡ്യയുടെ പടിഞ്ഞാറുതീരങ്ങളിൽ അടിക്കടി സന്ദർശനം നടത്തിതുടങ്ങി. 9-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അവസാനത്തെ ചേരമാൻ പെരുമാൾ ഇസ്‌ലാമിലേക്ക് മതം മാറി. അദ്ദേഹത്തിന്റെ മതപരിവർത്തനം നടന്നു കുറച്ചു കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം അറേബ്യയിലേക്കു പോകുകയും അവിടെ ചരമം അടയുകയും ചെയ്തു. തന്റെ രാജ്യത്തിലെ ഭരണ സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങളുമായി അദ്ദേഹം അയച്ചിട്ടുണ്ടായിരുന്ന അറബികൾ മലബാറിൽ ഹൃദ്യമായി സ്വീകരിക്കപ്പെടുകയും ഇവിടെ പള്ളികൾ നിർമിച്ചുകൊള്ളാൻ അനുവദിക്കപ്പെടുകയും ചെയ്തു. സാമൂതിരിയുടെ അരിയിട്ടുവാഴ്ചക്കാലത്ത് രാജാവ് ഒരു മുസ്‌ലിമിനെപ്പോലെ മൊട്ടയടിക്കുകയും മുസ്‌ലിം വേഷമണിയുകയും ഒരു മാപ്പിളയാൽ കിരീടമണിയിക്കപ്പെടുകയും ചെയ്യുന്ന ആചാരത്തിലൂടെ രാജാവിന്റെ ഈ മതപരിവർത്തന സംഭവം ഇപ്പോഴും അനുസ്മരിക്കപ്പെടുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ പട്ടാഭിഷേക വേളയിൽ വാൾ കൈയിലേൽക്കുമ്പോൾ ‘മക്കയിലേക്കു പോയിട്ടുള്ള മാതുലൻ തിരിച്ചു വരുന്നതുവരെ ഈ വാൾ ഞാൻ സൂക്ഷിക്കും’ എന്ന് പ്രഖ്യാപിക്കേണ്ടതുണ്ട്. സാമൂതിരി രാജാവ് അറബിക്കച്ചവടക്കാരുടെ രക്ഷാധികാരിയായി നിലകൊണ്ടു. അറബികളാവട്ടെ, രാജാവിന്റെ എല്ലാ സംരംഭങ്ങളിലും അദ്ദേഹത്തെ തുണച്ചു പോരുകയും ചെയ്തു. സാമൂതിരി രാജാവ് ഇസ്‌ലാമിനുനേരെ വളരെയധികം അടുത്തിരുന്നു. തന്റെ പ്രജകൾ ഇസ്‌ലാംമതം സ്വീകരിക്കുന്നതിനെ അദ്ദേഹം തുറന്നനിലയിൽ പ്രോത്സാഹിപ്പിക്കുകകൂടി ചെയ്തിരുന്നു. കടൽയാത്ര ഹിന്ദുക്കൾക്ക് നിഷിദ്ധമായിരുന്നതിനാൽ അറബി വണിക്കുകളുടെ കപ്പൽ ഓട്ടുവാൻ നാട്ടുകാരായ ആളുകളെ വേണ്ടത്ര കിട്ടാതായിരുന്നു. തന്റെ രാജ്യത്തിലെ ഓരോ അരയ കുടുംബത്തിലേയും ഒരാളോ ഒന്നിലധികം പുരുഷന്മാരോ മുസ്‌ലീംകളായി വളർത്തപ്പെടേണ്ടതാണെന്ന കല്പനപോലും സാമൂതിരി രാജാവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്”. (വിഷൻ ഓഫ് ഇൻഡ്യാ പേജ് 221,222)

★★★

## പ്രകാശത്തിന്റെ സ്തൂപം

“1904-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലാഹോറിൽ പോയപ്പോൾ അവിടെ ഒരു സമ്മേളനത്തിൽ അവിടന്ന് പ്രസംഗിച്ചു. ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ് വക്കീൽ എന്ന അനഹ്മദീ സ്നേഹിതനും ആ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു, പ്രസംഗത്തിന്നിടയിൽ ഞാൻ കണ്ടു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലയിൽനിന്ന് പ്രകാശത്തിന്റെ ഒരു സ്തൂപം പുറപ്പെട്ട് ആകാശത്തിലേക്ക് പോകുന്നു. അപ്പോൾ എന്റെ അടുത്ത് മറ്റൊരു സുഹൃത്തും ഇരിപ്പുണ്ടായിരുന്നു. അദ്ദേഹത്തോടു പറഞ്ഞു, നോക്കൂ! അതെന്താണ്? അദ്ദേഹം നോക്കിയുടനെ മറ്റൊരു സുഹൃത്തും പറഞ്ഞു, ഇത് പ്രകാശത്തിന്റെ സ്തൂപമാണ്. അത് ഹദ്റത്ത് മിർസാ സാഹിബിന്റെ തലയിൽനിന്ന് പുറപ്പെട്ട് ആകാശംവരെ എത്തിയിരിക്കുന്നു. ഈ ദൃശ്യം ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബിൽ ഉണ്ടാക്കിയ സ്വാധീനം എത്രമാത്രം ആയിരുന്നുവെന്നാൽ അദ്ദേഹം അന്നുതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു.”

**(തഫ്സീറെ കബീർ വാല്യം 7 പേജ് 120,121)**

### കലാമുൽ ഇമാം:-

**“ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക.”**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

### കലാമുൽ ഇമാം:-

**“ആരെയാണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു.”**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**താലിബെ ദുആ:**

റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

**താലിബെ ദുആ:**

പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 14 June 2018 Issue-24

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ഒട്ടകം:

أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ (88:18)

എന്റെ വാദത്തിന്റെ ഉള്ളറിവ് നുബുവ്വത്തിന്റേയും വിശുദ്ധ ഖുർആനിന്റേയും താക്കോലാണ്. എന്റെ വാദത്തെ മനസ്സിലാക്കുന്ന വ്യക്തിയ്ക്ക് നുബുവ്വത്തിന്റെ യാഥാർഥ്യവും വിശുദ്ധഖുർആനിന്റെ ജ്ഞാനവും അറിയിച്ചു കൊടുക്കുന്നതാണ്. എന്റെ വാദത്തെ മനസ്സിലാക്കാത്ത വ്യക്തിയ്ക്ക് വിശുദ്ധഖുർആനിലും നുബുവ്വത്തിലും പൂർണവിശ്വാസമുണ്ടാകുകയില്ല. വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള

أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ (88:18)

എന്ന വചനം നുബുവ്വത്തിന്റേയും ഇമാമത്തിന്റേയും പ്രശ്നം പരിഹരിക്കുന്നതിന് വലിയ സഹായിയാണ്. ഒട്ടകത്തിന് അറബി ഭാഷയിൽ ആയിരത്തിന്നടുത്ത് പേരുകളുണ്ട്. ആ പേരുകളിൽനിന്ന് ഇബിലുൻ എന്ന പദം ഉപയോഗിച്ചതിലുള്ള രഹസ്യമെന്താണ്? ഇലൽജമലി എന്നും പറയാവുന്നതാണല്ലോ?

ജമൽ ഒരു ഒട്ടകത്തിന് പറയുന്ന പേരാണ്. ഇബിലുൻ സമൂഹനാമമാണ്. ഇവിടെ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കുക എന്നതായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യം. ജമൽ ഒരു ഒട്ടകത്തിനാണ് പറയുന്നത്. ഈ പദം ഉപയോഗിച്ചാൽ കിട്ടേണ്ടുന്ന ഫലം കിട്ടുമായിരുന്നില്ല. അതുണ്ടാണ് ഇബിൽ എന്ന പദം ഇഷ്ടപ്പെട്ടത്. ഒട്ടകങ്ങളിൽ പരസ്പരം പിന്തുടരാനും അനുസരിക്കാനുമുള്ള കഴിവ് വെച്ചിരിക്കുന്നു. നോക്കുക! ഒട്ടകങ്ങളുടെ ഒരു നീണ്ട നിരയുണ്ടാകും. ഏറ്റവുമാദ്യം ഇമാമെന്ന നിലയിൽ, നേതാവെന്ന നിലയിൽ നടക്കുന്ന ഒട്ടകത്തിന്റെ പിന്നാലെ ഒരു പ്രത്യേക ശൈലിയിലും വേഗത്തിലും അവ നടക്കുന്നത് ഏതു രീതിയിലാണെന്ന് നോക്കുക. ആദ്യം നടക്കുന്ന ഒട്ടകം പരിചയസമ്പന്നനും വഴി അറിയുന്നതുമായിരിക്കും. പിന്നീട് എല്ലാ ഒട്ടകങ്ങളും ഒന്നിനുപിറകെ ഒന്നായി ഒരേ വേഗത്തിൽ നടക്കുന്നു. അവയിൽ ഒന്നിന്റേയും മനസ്സിൽ കുതിര തുടങ്ങി മറ്റു മൃഗങ്ങളിൽ കാണുന്നതുപോലെ ഒപ്പത്തിനൊപ്പം നടക്കണമെന്ന ചിന്ത ഉണ്ടാകുകയില്ല. ഒട്ടകത്തിന്റെ സ്വഭാവത്തിൽ ഇമാമിനെ അനുസരിക്കുക എന്ന ഗുണം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അല്ലാഹു

أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ (88:18)

എന്നു പറഞ്ഞുകൊണ്ട് ഈ സംഘടിതാവസ്ഥയിലേക്ക് സൂചനനല്കി. ഒട്ടകം ഒരു നിരയിലൂടെ തെറ്റാതെ പൊയ്ക്കൊണ്ടിരിക്കുന്നു. ഇതേ പ്രകാരം സാംസ്കാരികവും സംഘടിതവുമായ അവസ്ഥ നിലനിറുത്താൻ ഒരു ഇമാം അത്യാവശ്യമാണ്. യാത്ര പോകുന്ന നേരത്താണ് നിരനിരയായി പോകുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ഇഹലോകയാത്ര താണ്ടുന്നതിന് ഒരു ഇമാം ഇല്ലെങ്കിൽ മനുഷ്യൻ വ്യതിചലിച്ച് വ്യതിചലിച്ച് നാശമടയും.

ഒട്ടകം അധികം ശക്തിയുള്ളതും കൂടുതൽ നടക്കുന്നതുമായ മൃഗമാണ്. അതിൽനിന്ന് ക്ഷമയുടേയും സഹനത്തിന്റേയും പാഠം ലഭിക്കുന്നു. ദീർഘ യാത്രയിൽ പല ദിവസത്തേക്കുള്ള വെള്ളം സംഭരിച്ചുവെക്കുന്നുവെന്നത് ഒട്ടകത്തിന്റെ പ്രത്യേകതയാണ്. അതിൽ അത് അശ്രദ്ധയാകുകയില്ല. അതുകൊണ്ട് സത്യവിശ്വാസിയും എപ്പോഴും തന്റെ യാത്രയ്ക്കായി തയ്യാറോടും കരുതലോടുംകൂടി ഇരിക്കേണ്ടതാണ്. ഏറ്റവും നല്ല പാഥേയം തഖ്‌വയാണ്.

ഉൻളുർ എന്ന പദത്തിൽനിന്ന് മനസ്സിലാകുന്നത് ഈ നോട്ടം കുട്ടികളെപ്പോലെയാകരുത് പ്രത്യുത അതിൽനിന്ന് അനുസരണത്തിന്റെ പാഠം പഠിക്കുന്നതാകണമെന്നാണ്. എപ്രകാരം ഒട്ടകത്തിൽ സാംസ്കാരികവും സംഘടിതവുമായ അവസ്ഥ കാണിക്കപ്പെട്ടിരിക്കുന്നുവോ അവയിൽ ഇമാമിനെ പിൻപറ്റാനുള്ള ശക്തി വെക്കപ്പെട്ടിരിക്കുന്നുവോ അതുപോലെ മനുഷ്യൻ ഇമാമിനെ പിൻപറ്റൽ തന്റെ അടയാളമാക്കിമാറ്റേണ്ടത് അനിവാര്യമാണ്. കാരണം അവരുടെ സേവകരായ ഒട്ടകങ്ങളിലും ഈ അനുസരണത്തിന്റെ സ്വഭാവമുണ്ട്. കയ്ഫ ഖുലിക്കത്ത് എന്നതിൽ ഒട്ടകത്തിന്റെ സംഘടിതാവസ്ഥയിൽനിന്ന് ലഭിക്കുന്ന മൊത്തത്തിലുള്ള നേട്ടങ്ങളിലേക്കുള്ള സൂചനയാണുള്ളത്."

(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 3, പേജ് 357)





(– പേജ് 1ൽ നിന്ന്)

യിരുന്നുവോ അതുപോലെ മുസ്‌ലിംകളുടെ അവസ്ഥയായിത്തീർന്നപ്പോൾ ആ വാഗ്ദത്ത മസീഹ് വന്നു. അത് ഞാൻ തന്നെയാകുന്നു. അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുന്നു. അവനോട് പോരാടുന്നവൻ വിഡ്ഢിയാണ്. അവനെ എതിർത്തുകൊണ്ട് ഇങ്ങനെയല്ല അങ്ങനെയാണു വേണ്ടത്. എന്നാക്ഷേപിക്കുന്നവൻ അജ്ഞനാണ്. അവൻ എന്നെ പതിനായിരത്തിലധികം പ്രകാശിക്കുന്ന ദൃഷ്ടാന്തങ്ങളോടെ അയച്ചിരിക്കുന്നു. അവയിൽ ഒരടയാളം പ്ലേഗുമാണ്. അതുകൊണ്ട് എനിക്ക് സത്യസന്ധമായി ബയ്അത്ത് ചെയ്യുന്നവനും സത്യഹൃദയത്തോടെ എന്റെ ശിഷ്യനായിത്തീരുന്നവനും എന്റെ അനുസരണത്തിൽ ലയിച്ചുകൊണ്ട് തന്റേതായ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുന്നവനുംവേണ്ടി എന്റെ ആത്മാവ് ഈ വിപത്തുകളുടെ നാളുകളിൽ ശിപാർശ ചെയ്യുന്നതാണ്.

എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിന്റെ പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെപൂർത്തിയാക്കുവിൻ.സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും. ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമങ്ങൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗ്ഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ, എന്നു പരീക്ഷിക്കുകയാണ്. ഉപരിലോകത്ത് മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതു കൊണ്ട് പരിപൂർണമായ പദവിയിലുള്ള സൽകർമ്മങ്ങൾ കാഴ്ചവെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെപ്പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടുകയും നിരാശരായി മരിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ, നിങ്ങളുടെ ദൈവം യഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാനറിയിക്കുകയാണ്. സർവ്വതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവ നും ബഹുമാനം കൊടുക്കുന്നു.

(റൂഹാനീ ഖസാഇൻ വാല്യം 19 കശ്തിയെ നൂഹ് പേജ് 13–15)




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin